156

# ജനനീതി

ഏപ്രിൽ 2010

3.00 ക.



സുപ്രീം കോടതിയുടെ ആചാരാനുഷ്ഠാന
വിധിക്കിരയായ സുഷമ.

# ഉന്നത സ്ഥാനത്തിരിക്കുന്നവർക്ക് നാണമില്ലെങ്കിൽ എന്തുചെയ്യും?

**ക**ർണാടക ചീഫ് ജസ്റ്റീസായ പി.ഡി. ദിനകരനെ സുപ്രീം കോടതി ജഡ്ജിയായി നിയമിക്കാനുണ്ടായിരുന്ന നിർദ്ദേശം പിൻവലിച്ചുകൊണ്ട് നിയമ മന്ത്രി രാഷ്ട്രപതിക്ക് എഴുതിക്കഴിഞ്ഞു.

തമിഴ്നാട്ടുകാരനായ ജ: ദിനകരനെ സുപ്രീംകോടതി ജഡ്ജിയാക്കേണ്ടെന്ന തീരുമാനത്തെ അഖിലേന്ത്യാ അഭിഭാഷക സംഘടനയുടെ തമിഴ്നാട് യൂണിറ്റ് അഭിനന്ദിക്കുകയും ചെയ്തിട്ടുണ്ട്.

ജ: ദിനകരന്റെ നാടായ തിരുവള്ളൂരിലെ കലക്ടർ, ജസ്റ്റീസ് ദിനകരൻ ഭൂമി കയ്യേറിയിട്ടുണ്ടെന്ന് സുപ്രീംകോടതിക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുമുണ്ട്.

ജ: ദിനകരനെ തങ്ങൾക്കാവശ്യമില്ലെന്നും അദ്ദേഹത്തെ വേറെ എവിടെയെങ്കിലും കൊണ്ടുപോയി പ്രതിഷ്ഠിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ബാംഗ്ലൂരിലെ അഭിഭാഷകർ സമരം നടത്തുകയും ചെയ്തുവരുന്നു. ഇത്രയെല്ലാമായിട്ടും ജ: ദിനകരന് ഒരു കുലുക്കവുമില്ല. തിരുവള്ളൂർ കലക്ടറുടെ റിപ്പോർട്ട് തനി കള്ളത്തരമാണെന്ന് അദ്ദേഹം ഇന്ത്യൻ ചീഫ് ജസ്റ്റീസിന്ന് പരാതി സമർപ്പിച്ചിരിക്കുന്നു.

ഇപ്പോൾ യഥാർത്ഥത്തിൽ കുടുക്കിൽ പെട്ടത് ഇന്ത്യാഗവർമ്മേണ്ടും സുപ്രീംകോടതിയുമാണ്. ഇന്ത്യൻ ഭരണഘടന പ്രകാരം ഒരു ജഡ്ജിയെ കുറ്റവിചാരണ നടത്തി പുറത്താക്കുക എന്നത് സ്വർഗ്ഗത്തിൽനിന്ന് പാരിജാതപൂവ് സംഘടിപ്പിക്കുന്നതിനേക്കാൾ വിഷമകരമാണ്.

- ചീഫ് ജസ്റ്റീസിനെ വച്ചുപൊറിപ്പിക്കില്ലെന്ന് കർണ്ണാടകത്തിലെ ജനങ്ങളും അഭിഭാഷകരും പറയുന്നു.
- കർണ്ണാടക ചീഫ് ജസ്റ്റീസ് സ്വാർത്ഥ ലാഭത്തിന്നായി നിയമം ലംഘിച്ചതായി ചീഫ് ജസ്റ്റീസിന്റെ നാട്ടിലെ കലക്ടർ തന്നെ പറയുന്നു.
- ആൾ തിരുമാലിയാണോ അല്ലയോ എന്നു നോക്കേണ്ട ഭാരം തങ്ങളുടേതല്ല സർക്കാരിന്റേതാണെന്ന് സുപ്രീംകോടതി പറയുന്നു.
- എന്തായാലും ജ: ദിനകരനെ സുപ്രീം കോടതിയിൽ നിയമിക്കേണ്ടെന്നു ഗവർമ്മേണ്ട് പറയുന്നു.
- ഒരാളെപ്പറ്റി പറയാവുന്ന സകല ദൂഷ്യാരോപണങ്ങളും ഉന്നയിച്ചിട്ടും കർണ്ണാടക ചീഫ് ജസ്റ്റീസ് തന്റെ കസേരയിൽ അമർന്നിരിക്കുന്നു– ആരുണ്ടിവിടെ എന്നെ പുറത്താക്കാൻ എന്ന മട്ടിൽ!!



ജനനീതി

ഏപ്രിൽ 2010
156

പത്രാധിപർ:
ടി.വി. അച്ചുതവാരിയർ

പത്രാധിപസമിതി:
കെ.ജി. ശങ്കരപ്പിള്ള
സി.പി. ഗംഗാധരൻ
ഫ്രാൻസീസ് സേവ്യർ
പി.എസ്. മനോജ്കുമാർ
പി.എൻ. ഗോപീകൃഷ്ണൻ
എൻ.എൻ. ഗോകുൽദാസ്
ജോർജ്ജ് പുലികുത്തിയിൽ

ജന നീതി
പി.ബി. നമ്പർ 8
തോട്ടപ്പടി, മണ്ണുത്തി പോസ്റ്റ്
തൃശൂർ – 680 651
Tel :-487 2373479, 2373281
Fax:-487- 2373281
E-mail: gpneethi@sancharnet.in
Web: www.jananeethi.org

എഡിറ്റോറിയൽ

# സുപ്രീം കോടതിയുടെ അത്ര സുപ്രീമല്ലാത്ത ഒരു വിധി

**കീ**ഴ്കോടതിയും ഹൈക്കോടതിയും വധശിക്ഷക്കു വിധിച്ച ഒരു കേസ് സുപ്രീം കോടതിയിലെത്തുമ്പോൾ, പ്രത്യേകിച്ചൊരു കാരണവുമില്ലാതെ തടവുശിക്ഷയായി ലഘൂകരിക്കുന്നതു കാണുമ്പോൾ ആരായാലും അമ്പരന്നിരുന്നു പോകും. കഴിഞ്ഞ ഡിസംബറിൽ സുപ്രീം കോടതിയിലുണ്ടായ ഒരു വിധിയുടെ കഥയോർക്കുമ്പോൾ, ഇവിടെ നിയമത്തിനല്ല, അന്ധമായ ആചാരങ്ങൾക്കാണ് മൂല്യമെന്നു തോന്നിപ്പോകുന്നു. കേസിന്റെ വിശദാംശങ്ങൾ അന്യത്ര ചേർത്തിട്ടുണ്ട്. ഒരു ബ്രാഹ്മണ യുവതി കീഴ്ജാതിക്കാരനായ ഒരാളെ പ്രേമിച്ച് വിവാഹം കഴിച്ചതാണ് കേസ്. യുവതിയുടെ സഹോദരൻ ഇതിൽ ക്ഷോഭിച്ച് വരനേയും വരന്റെ അച്ഛനേയും മൈനർമാരായ രണ്ടുപേരേയും വധിച്ചുവെന്നാണ് കേസ്. മന:പൂർവ്വം ചെയ്ത, അതിക്രൂരമായ ഈ പ്രവൃത്തിക്ക് വധശിക്ഷയിൽ കുറഞ്ഞ ഒന്നും മതിയാവില്ലെന്ന് കീഴ്ക്കോടതിക്ക് തോന്നി; ഹൈക്കോടതി അത് ആവർത്തിച്ചുറപ്പിച്ചു. കേസ് സുപ്രീം കോടതിയിലെത്തിയപ്പോഴാണ് ഇതൊന്നും അത്ര വലിയ കാര്യമല്ലെന്ന് കോടതിക്ക് തോന്നിയത്. ജാതി, സമുദായം, മതം എന്നിവയെല്ലാം തീർത്തും അന്യായമാണെങ്കിലും നമുക്കിടയിൽ അതൊരു നഗ്നയാഥാർത്ഥ്യമാണെന്നു പറഞ്ഞുകൊണ്ടാണ് കോടതി വധശിക്ഷ തടവുശിക്ഷയായി കുറച്ചത്.

1989ൽ പാർലിമെന്റ് ഒരു ഉഗ്രൻ നിയമം പാസാക്കി വച്ചിട്ടുണ്ട്. ഇതനുസരിച്ച് ഒരാളെ ജാതിപ്പേരു പറഞ്ഞ് ആക്ഷേപിച്ചാൽപോലും ശിക്ഷകിട്ടും. ഇവിടെ ജാതിപ്പേരു പറഞ്ഞ് ആക്ഷേപിക്കുകയല്ല, രണ്ടു മൈനർമാരടക്കം നാലുപേരുടെ ജീവൻതന്നെ അപഹരിച്ചിട്ടും, സുപ്രീം കോടതി പറയുന്നു, നാട്ടാചാരങ്ങൾ ലംഘിച്ചാൽ അങ്ങനെയൊക്കെ സംഭവിക്കുമെന്ന്! ഏതായാലും നാട്ടാചാരം ലംഘിച്ച സ്ത്രീയെ ശിക്ഷിക്കണമെന്ന് കോടതി വിധിച്ചില്ലെന്നത് ഭാഗ്യം!

ഇതിന്ന് വേറേയും ചില വശങ്ങളുണ്ട്. ഇന്ത്യയിൽ മിശ്രവിവാഹം കഴിച്ചവരായ ലക്ഷക്കണക്കിന്ന് സ്ത്രീ-പുരുഷന്മാരുണ്ട്. ഇവരുടെ ബന്ധുക്കൾക്ക് തങ്ങളുടെ അരിശം തീർക്കാൻ സുപ്രീം കോടതിയുടെ ഈ വിധി ഒരു ലൈസൻസായിത്തീരും. മിശ്രവിവാഹം കഴിക്കുന്നതിനെ നിരുത്സാഹപ്പെടുത്താനും ഈ വിധി ഉപകരിക്കാതിരിക്കില്ല.

ആറു കൊല്ലത്തെ നിയമയുദ്ധത്തിന്നൊടുവിൽ കയ്യിൽ വന്നുവീണ ഈ വിചിത്ര വിധിക്കെതിരെ വധു ഒരു റവ്യൂ ഹരജി സമർപ്പിച്ചതായി റിപ്പോർട്ടുണ്ട്. സുപ്രീം കോടതിയിലെ വ്യവസ്ഥകൾ പ്രകാരം, ഒരു കേസിൽ വിധിപറഞ്ഞ ബഞ്ച് മുമ്പാകെ മാത്രമേ റവ്യൂ ഹരജി പരിഗണനക്കു വരൂ. ഇപ്പോഴുണ്ടായിരിക്കുന്ന വിധി ഏതെങ്കിലും നിയമത്തെ അടിസ്ഥാനമാക്കിയല്ല, ആചാരാനുഷ്ഠാനങ്ങളെ ആധാരമാക്കിയാണെന്ന നിലക്ക് റവ്യൂ ഹരജി എത്രത്തോളം ഗുണംചെയ്യുമെന്ന് പ്രവചിക്കാനാവില്ല.

ഇവിടെ കോടതി വിധികൾ ആശയക്കുഴപ്പമുണ്ടാക്കാനേ ഉപകരിക്കുന്നുള്ളൂ. ഒരാളെ അറസ്റ്റ് ചെയ്യുമ്പോൾ എന്തെല്ലാം നടപടിക്രമങ്ങൾ പാലിക്കണമെന്ന് വ്യക്തമാക്കിക്കൊണ്ട് സുപ്രീം കോടതി 1997ൽ ഒരു വിധി പ്രസ്താവിച്ചിരുന്നു. ആ വിധിയിൽ പറയുന്ന നടപടിക്രമങ്ങൾ പാലിക്കാതിരിക്കുന്നത് കോർട്ടലക്ഷ്യമാകുമെന്നും ആർക്കും കോർട്ടലക്ഷ്യ ഹരജിയുമായി ഹൈക്കോടതിയെ സമീപിക്കാമെന്നും വിധിയിൽ പറഞ്ഞിരുന്നു. കഴിഞ്ഞ 13 കൊല്ലത്തിന്നിടയിൽ ഒരൊറ്റ അറസ്റ്റ് പോലും കോടതി വിധിപ്രകാരം നടന്നതായറിവില്ല; എന്നാൽ ഒരാൾപോലും കോർട്ടലക്ഷ്യ ഹരജിയുമായി ഹൈക്കോടതിയെ സമീപിച്ചിട്ടുമില്ല.

അതുപോലെതന്നെ വനഭൂമി വനേതരമായ ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ പാടില്ലെന്നു വിധിയുണ്ട്. എന്നാൽ ഇന്ന് കാട്ടിൽ നടക്കുന്ന സകല "വികസന" പ്രവർത്തനങ്ങളും വനേതര ആവശ്യങ്ങൾക്കുള്ളതാണ്. മധ്യേന്ത്യയിൽ മാവോയിസ്റ്റുകൾ നടത്തുന്ന പോരാട്ടത്തിലധികവും വനഭൂമി സംരക്ഷിക്കാൻ വേണ്ടിയുള്ളതാണ്.

സുപ്രീം കോടതിയിൽ ഒരു വിധിയുണ്ടാകുമ്പോൾ അത് ഇന്ത്യക്കാകെ ബാധകമാണ്. പക്ഷെ ആ വിധിയനുസരിച്ച് കാര്യങ്ങൾ നടക്കുന്നുണ്ടെന്നു ഉറപ്പുവരുത്താൻ ഇന്ന് സംവിധാനമൊന്നുമില്ല. തന്മൂലം വിധി ഒരു വഴിക്കും കാര്യങ്ങൾ മറ്റൊരു വഴിക്കും പോകുന്നു.

ഘാതകരെ വധശിക്ഷയിൽനിന്ന് ഒഴിവാക്കിക്കൊണ്ടുള്ള സുപ്രീം കോടതിയുടെ വിധിയിൽ അനേകം ദിക്കിൽ "ശരിയായിട്ടാണെങ്കിലും അല്ലെങ്കിലും", "തെറ്റായിട്ടാണെങ്കിലും അല്ലെങ്കിലും" എന്നീ പ്രയോഗങ്ങൾ കാണാം. ഇതിന്നർത്ഥമൊന്നേയുള്ളൂ - മുൻവിധിയോടെയാണ് കോടതി ഈ പ്രശ്നത്തെ സമീപിക്കുന്നത് എന്നതാണത്.

ഒരു ജഡ്ജി, സ്ഥാനമേൽക്കുമ്പോൾ ചെയ്യേണ്ട സത്യപ്രതിജ്ഞയുടെ മാതൃക ഭരണഘടനയിലെ മൂന്നാം ഷെഡ്യൂളിന്റെ നാലാം ഭാഗത്ത് ചേർത്തിട്ടുണ്ട്. ഭയമോ പക്ഷപാതമോ കൂടാതെ, ഹിതാഹിതങ്ങൾ നോക്കാതെ, ഭരണഘടനക്കും നിയമങ്ങൾക്കും അനുസൃതമായി കൃത്യനിർവ്വഹണം നടത്തിക്കൊള്ളാമെന്നാണ് അതിൽ പ്രതിജ്ഞ ചെയ്യുന്നത് - ഏതായാലും നാട്ടാചാരങ്ങൾക്കനുസൃതമായി വിധി പറഞ്ഞുകൊള്ളാമെന്ന് ജഡ്ജിമാർ ഇന്ത്യയിൽ സത്യപ്രതിജ്ഞ ചെയ്യാറില്ല. ചില മുസ്ലിം രാജ്യങ്ങളിൽ നാട്ടുനടപ്പു ലംഘിക്കുന്നവരെ കല്ലെറിഞ്ഞു കൊല്ലുകയും ചാട്ടവാർകൊണ്ട് അടിക്കുകയുമെല്ലാം പതിവുണ്ടെങ്കിലും ജനാധിപത്യപരമായ ഒരു ഭരണഘടനയും. ആ ഭരണഘടന പ്രകാരം തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധി സഭകളും ഉള്ള ഇന്ത്യയിൽ, ആ ഭരണഘടനക്കും നിയമങ്ങൾക്കും അനുസൃതമായേ നീതിന്യായ നിർവ്വഹണം നടത്താറുള്ളൂ, നടത്താൻ പാടുള്ളൂ.



# ഒരു ജഡ്ജിയുടെ നിയമനം നടക്കുന്നതെങ്ങനെ?

**- അനുരാധ രാമൻ -**

ഒരു ജഡ്ജിയും സാധാരണക്കാരുടെ മനസ്സിനെ ഇത്രയധികം സ്പർശിച്ചിട്ടുണ്ടാകാനിടയില്ല. സുപ്രീം കോടതിയിലേക്ക് ഉയർത്തപ്പെട്ടില്ല എന്നതുകൊണ്ട് ഒരു ജഡ്ജിയും ഇത്രയധികം വിവാദ വിഷയമായിട്ടുണ്ടാകാനിടയില്ല. ദൽഹി ഹൈക്കോടതിയിലെ ചീഫ് ജസ്റ്റീസായിരുന്ന ജ. എ.പി. ഷാ ഈ ഫെബ്രുവരി 12ന് ചുമ്മാ വിരമിച്ചു. വികലാംഗരുടെ അവകാശങ്ങളെക്കുറിച്ചുള്ള ജ. ഷായുടെ വിധി പ്രസിദ്ധമാണ്. സ്വവർഗ്ഗരതിക്കാരെ സംബന്ധിച്ച അദ്ദേഹത്തിന്റെ വിധിയും പ്രസിദ്ധമാണ്. ഇന്ത്യൻ ചീഫ് ജസ്റ്റീസും വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുമെന്ന അദ്ദേഹത്തിന്റെ വിധിയും പ്രസിദ്ധമാണ്. ഇതെല്ലാം അദ്ദേഹത്തെ പുരോഗമനോന്മുഖനായ, ഉദാരമതിയായ, ജനാധിപത്യ വിശ്വാസിയായ ഒരു ന്യായാധിപനെന്ന സൽപേരിന്നുടമയാക്കിയിരുന്നു.

അപ്പോൾ എല്ലാവരുടേയും മനസ്സിൽ ഉദിച്ചുയരുന്ന ഒരു ചോദ്യമുണ്ട്: എന്തുകൊണ്ടാണ് ജ. ഷായെ സുപ്രീം കോടതിയിലേക്ക് ഉയർത്താതിരുന്നത്? സുപ്രീം കോടതിയിലെ അഞ്ചു സീനിയർ ജഡ്ജിമാരടങ്ങിയ ഒരു ടീമാണ് ആരെയെല്ലാം സുപ്രീം കോടതിയിലേക്ക് ഉയർത്തണമെന്നും ഉയർത്തേണ്ടെന്നും തീരുമാനിക്കുന്നത്. ചീഫ് ജസ്റ്റീസ് ജ. കെ.ജി. ബാലകൃഷ്ണൻ ജ. ഷാക്ക് അനുകൂലമായിരുന്നുവോ അല്ലയോ എന്ന കാര്യം വ്യക്തമല്ല. എന്നാൽ ജ. കപ്പാഡിയ ജ. ഷാക്ക് എതിരായിരുന്നുവെന്നു പറയപ്പെടുന്നുണ്ട്. ജ. കപ്പാഡിയയും ജ. ഷായും മുമ്പ് മുംബായ് ഹൈക്കോടതിയിലെ ജഡ്ജിമാരായിരുന്നു. അന്നത്തെ എന്തോ അസ്വാരസ്യമാണ് ജ. കപ്പാഡിയയെ ജ. ഷാക്കെതിരാക്കിയതെന്നാണ് ഒരു ശ്രുതി.



ജ: എ.പി. ഷാ

ജ. ഷാ മദ്രാസ് ഹൈക്കോടതിയിലെ ചീഫ് ജസ്റ്റീസായിരുന്ന കാലത്ത് രണ്ടു കേസുകളിലുണ്ടായ വിധിയാണ് ജ. കപ്പാഡിയയെ ജ. ഷാക്ക് എതിരാക്കിയതെന്നും ഒരു ശ്രുതിയുണ്ട്. വാസ്തവമാണെങ്കിൽ വളരെ ഗുരുതരമായൊരു കാര്യമാണിത്. എന്നാൽ അത്ഭുതകരമെന്നു പറയട്ടെ, ഇതു സംബന്ധിച്ച ഒരു കടലാസുപോലും ഒരിടത്തും കാണാനില്ല. ഈ പറയുന്ന വിധികൾ എന്തെല്ലാമാണെന്നും ആർക്കും അറിയില്ല. ജ. ഷാക്കുപോലും ഇത്തരമൊരു കേസിനെപ്പറ്റി അറിയില്ല.

ജ. ഷായുടെ കാര്യം പോകട്ടെ, സുപ്രീം കോടതിയിലേക്കുള്ള ജഡ്ജിമാരെ തിരഞ്ഞെടുക്കുന്നതെങ്ങിനെയാണ് എന്ന പ്രശ്നം പിന്നേയും അവശേഷിക്കുന്നു. ഇത്തരം നിയമനങ്ങൾക്കുള്ള മാനദണ്ഡം എന്താണ്? മറിച്ചു പറഞ്ഞാൽ ഒരു ജഡ്ജിയെ തിരസ്കരിക്കുന്നതിനെന്താണ് മാനദണ്ഡം?

കാരണം എന്തായാലും എഴുതി വയ്ക്കുന്നുണ്ടോ? നിയമജ്ഞരോട് കൂടിയാലോചിച്ചാണോ നിയമനം നടത്തുന്നത്? അതോ ഒരു വ്യക്തിയുടെ ഇഷ്ടാനിഷ്ടങ്ങളാണോ ഇതിനെല്ലാം ആധാരമായിരിക്കുന്നത്? എല്ലാവരേയും അത്ഭുതപ്പെടുത്തുന്ന മറ്റൊരു കാര്യം കൂടിയുണ്ട്. ജ. ഷായെ സുപ്രീം കോടതിയിലേക്ക് ഉയർത്തിയില്ല എന്നതുപോകട്ടെ, സുപ്രീം കോടതിയിലെ ഇതേ അഞ്ചു ജഡ്ജിമാർ തന്നെയാണ് ഒട്ടേറെ അഴിമതിയാരോപണങ്ങൾക്ക് പാത്രമായിരിക്കുന്ന കർണ്ണാടക ചീഫ് ജസ്റ്റീസ് ജ. ദിനകരനെ സുപ്രീം കോടതിയിലേക്ക് ഉയർത്താൻ നിർദ്ദേശിച്ചത്. ഈ ഭുകമ്പമെല്ലാമുണ്ടായിട്ടും സുപ്രീം കോടതി ജ. ദിനകരന്റെ കാര്യത്തിൽ ഒന്നും മിണ്ടുന്നില്ല.

തനിക്ക് ഇതിലൊന്നും ഒരു അത്ഭുതവും തോന്നുന്നില്ലെന്ന് മുൻ ചീഫ് ജസ്റ്റീസ് ജ. ജെ.എസ്. വർമ്മ. മിടുക്കന്മാരും പ്രഗത്ഭരുമായ നിയമജ്ഞരെ ഒഴിവാക്കുന്ന ഒരു ചരിത്രമാണ് സുപ്രീം കോടതിക്ക് പണ്ടുമുതൽക്കേയുള്ളതെന്ന് അദ്ദേഹം പറയുന്നു. ഏറ്റവും യോഗ്യരായവരേ സുപ്രീം കോടതിയിൽ നിയമിക്കപ്പെടൂ എന്ന് ഉറപ്പുവരുത്താൻ എന്താണ് മാർഗ്ഗമെന്നതാണ് പ്രശ്നമെന്ന് അദ്ദേഹം തുടർന്നു പറഞ്ഞു.

സുപ്രീം കോടതിയിൽ ഒരു നിയമനം നടത്തുന്നതിന്നു മുമ്പ് പല കാര്യങ്ങളും ചിന്തിക്കേണ്ടതുണ്ടെന്ന് നിയമജ്ഞന്മാർ പറയുന്നു. ജാതി, മതം, പ്രദേശം തുടങ്ങിയ പലതും പരിഗണിക്കേണ്ടിവരും. സുപ്രീം കോടതിയിലെ നിയമനങ്ങൾക്കായി പ്രത്യേകമൊരു സംവിധാനമുണ്ടാക്കണമെന്നാണ് പ്രഗത്ഭ നിയമജ്ഞനായ അനിൽ ദിവാൻ പറയുന്നത്. ഒരു സീനിയർ ജഡ്ജി അധ്യക്ഷനും പ്രഗത്ഭരായ ചില ഉദ്യോഗസ്ഥരും ബഹുമാന്യരായ ജനപ്രതിനിധികളും അടങ്ങിയ ഒരു സംഘത്തെ ഇതിന്നായി നിയോഗിക്കണം.

ജഡ്ജിമാരെ തിരഞ്ഞെടുക്കുന്നതിന്ന് ഒരു മാനദണ്ഡവുമില്ല എന്നതാണ് ജ. ഷാ സംഭവം വ്യക്തമാക്കുന്നതെന്ന് സീനിയർ അഭിഭാഷകനായ പ്രശാന്ത് ഭൂഷൺ പറയുന്നു. ഇന്നിപ്പോൾ ഒരാളെ ജഡ്ജിയാക്കുന്നതിന്ന് പറയുന്ന ന്യായം ആർജ്ജവബുദ്ധിയുണ്ടെന്നും ശേഷിയുണ്ടെന്നുമാണ്. ഒരാളുടെ ആർജ്ജവബുദ്ധിയും ശേഷിയും അളക്കാൻ എന്താണൊരു അളവുകോൽ എന്ന് അദ്ദേഹം ചോദിച്ചു.

1980ന്നു ശേഷം പല സീനിയർ ജഡ്ജിമാരേയും ഒഴിവാക്കി ജൂനിയർമാരെ സുപ്രീം കോടതിയിലേക്ക് ഉയർത്തിയിട്ടുണ്ട്. പതിനെട്ട് ഹൈക്കോടതികളിൽനിന്നായി 43 ചീഫ് ജസ്റ്റീസുമാർ സുപ്രീം കോടതിയിലെത്താതെ വിരമിച്ചിട്ടുണ്ട്. ഇതിൽ ചിലർ പ്രതിഷേധിച്ച് രാജിവച്ചു പോയവരാണ്. സുപ്രീം കോടതി സ്വന്തം വിധിയനുസരിച്ചു പ്രവർത്തിക്കുന്നുണ്ടോ? ജഡ്ജിമാരുടെ നിയമനം സംബന്ധിച്ച 1993 ലെ വിധി പ്രസിദ്ധമാണ്. സുപ്രീം കോടതിയിലെ ജഡ്ജിമാരുടെ നിയമനം ഒരാളുടെ ഇഷ്ടാനിഷ്ടങ്ങളനുസരിച്ച് ആയിക്കൂടാ എന്നാണ് ഒമ്പതു ജഡ്ജിമാരടങ്ങിയ ബഞ്ച് അന്നു വിധിച്ചത്. അങ്ങനെയാണ് ജഡ്ജിമാരുടെ നിയമനാധികാരം സുപ്രീം കോടതിക്കായത്. എന്നാൽ ജ. ഷായുടെ കാര്യത്തിൽ ഇപ്പോൾ സംഭവിച്ചത് അതാണോ? ജ. ഷായുടെ നിയമനത്തെ എതിർത്ത ഒരേ ഒരാൾ ജ. കപ്പാഡിയയാണോ? അതോ നിയമനച്ചുമതലയുള്ള അഞ്ചു ജഡ്ജിമാരും എതിർത്തുവോ?

1993 ലെ വിധിയിൽ മറ്റൊരു കാര്യം കൂടി പറഞ്ഞിട്ടുണ്ട്. ഒരാളെ സുപ്രീം കോടതിയിലെ ജഡ്ജിയായി ഉയർത്തണമോ വേണ്ടയോ എന്നു തീരുമാനിക്കുമ്പോൾ, അഞ്ചു ജഡ്ജിമാരും തങ്ങളുടെ ന്യായവാദങ്ങൾ എഴുതിവയ്ക്കണമെന്നാണ് 1993 ലെ വിധിയിൽ പറഞ്ഞിട്ടുള്ളത്. ഇങ്ങനെ ഒരു വിധിയുണ്ടെങ്കിലും ആരും ഒരിക്കലും അങ്ങനെ ചെയ്യാറില്ല. നമുക്കെതിരെ വിധി പറയുന്നവർക്കെതിരെ ആർ വിധി പറയും? ❑

# സാധാരണക്കാർക്കുവേണ്ടി ഒരു നുണപരിശോധനാകേന്ദ്രം

ട്രൂത്ത് ലാബ്സ് എന്ന പേരിൽ സ്വതന്ത്രമായ ഒരു നുണപരിശോധനാകേന്ദ്രം ദൽഹിയിൽ സ്ഥാപിതമായി. സ്വകാര്യ മേഖലയിൽ ഇത്തരമൊരു സ്ഥാപനം ഇന്ത്യയിലിതാദ്യമാണ്.

പോലീസ് ഗവേഷണ ബ്യൂറോവിന്റെ സഹകരണത്തോടെയാണ് ഇത് സ്ഥാപിതമായിരിക്കുന്നത്. ലാഭം ലക്ഷ്യമാക്കാത്ത ഈ സ്വകാര്യമേഖലാസ്ഥാപനത്തിന്റെ ജീവാത്മാവ് ആന്ധ്രയിലെ മുൻ പോലീസ് ഇൻസ്പെക്ടർ ജനറലായ ഡോ. ഗാന്ധി പി.സി. കാസയാണ്. ഇദ്ദേഹത്തിന്റെ സ്വകാര്യ സമ്പാദ്യവും കുടുംബ സമ്പാദ്യവും ഉപയോഗിച്ചാണ് ഈ ലാബ് സ്ഥാപിതമായത്. ആന്ധ്രയിലെ ഫോറൻസിക് സയൻസസ് ലാബറട്ടറിയുടെ മുൻ ഡയറക്ടർ കൂടിയാണ് ഡോ. കാസ.

പോലീസ് സ്റ്റേഷന്റെ പടി കയറാനും കോടതി വളപ്പിൽ പ്രവേശിക്കാനും സാധാരണക്കാർക്ക് പേടിയാണ്. കുടുംബസംബന്ധമോ വ്യക്തിപരമോ ആയ തർക്കങ്ങളും മറ്റും പരിഹരിക്കാൻ ഇത്തരം ലാബുകൾ സഹായകമാകുമെന്ന് അദ്ദേഹം പറഞ്ഞു.

ട്രൂത്ത് ലാബിൽ ആളുകളുടെ DNA പരിശോധിക്കാം; നുണ പരിശോധന നടത്താം; രേഖകളുടെ ആധികാരികത നിർണ്ണയിക്കാം; വിരലടയാള തർക്കം തീരുമാനിക്കാം; ചികിത്സാ സംബന്ധമായ പരിശോധനകൾക്കും പ്രയോജനപ്പെടും. സർക്കാർവക ഫോറൻസിക് ലാബറട്ടറികളിലെ എല്ലാ സേവനങ്ങളും ഈ സ്വകാര്യ ലാബിലും സംസിദ്ധമാകും.

ഇന്ത്യയിലാകെ സർക്കാർ വകയായി 30 ഫോറൻസിക് ലബോറട്ടറികളേയുള്ളൂ. കൊല്ലത്തിൽ ഏതാണ്ട് 6 ലക്ഷം കേസുകളിൽ ശാസ്ത്രീയ പരിശോധന വേണ്ടിവരും. ഇപ്പോൾ ഒന്നര ശതമാനം കേസുകളിലേ പ്രതികളെ ശിക്ഷിക്കാൻ കഴിയുന്നുള്ളൂ. "സംശയാതീതമായ" തെളിവില്ലെന്നു പറഞ്ഞ് മിക്ക കേസുകളും തള്ളുകയാണിപ്പോൾ. ഇതൊഴിവാക്കാൻ ശാസ്ത്രീയമായ തെളിവുകൾ ഹാജരാക്കാൻ ഫോറൻസിക് ലാബറട്ടറികൾക്ക് കഴിയും. രണ്ടുകോടി കേസുകൾ കോടതികളിൽ കെട്ടികിടപ്പുണ്ട്. ശാസ്ത്രീയമായ തെളിവുകൾ ഹാജരാക്കാൻ കഴിഞ്ഞാൽ മിക്ക കേസുസളിലും സത്വര തീരുമാനമുണ്ടാകും.

കേന്ദ്ര ആഭ്യന്തരകാര്യമന്ത്രി പി. ചിദംബരം ആഗസ്തിലാണ് ഈ ട്രൂത്ത് ലാബിന്റെ ഉൽഘാടനം നടത്തിയത്. അഭിഭാഷക പ്രമുഖനായ കെ.ടി.എസ്. തുളസി, തമിഴ്നാട് ഫോറൻസിക് ഡിപ്പാർട്ടുമെന്റിന്റെ മുൻ ഡയറക്ടർ ഡോ. ചന്ദ്രശേഖരൻ, സെൻട്രൽ ഇൻഫർമേഷൻ കമ്മീഷണർ എം.എൽ. ശർമ്മ തുടങ്ങിയവരെല്ലാം ചടങ്ങിൽ സംബന്ധിച്ചിരുന്നു. ❑

# കോടതി നിയമത്തിന്നപ്പുറം പോകുമ്പോൾ

- ദിവ്യ ഗാന്ധി -

തീർത്തും അന്യായമാണെങ്കിലും സമൂഹം ജാതിയുടേയും സമുദായത്തിന്റേയും മതത്തിന്റേയും ദുഷിച്ച പിടിയിലമർന്നിരിക്കുന്നുവെന്നത് ഒരു നഗ്നസത്യമാണ് എന്നു പറഞ്ഞുകൊണ്ട് കഴിഞ്ഞ ഡിസംബറിൽ സുപ്രീം കോടതി ഒരു വധശിക്ഷ, 25 കൊല്ലത്തെ തടവുശിക്ഷയായി കുറച്ചു.

പ്രശ്നത്തിന്റെ ആരംഭം ആറുകൊല്ലം മുമ്പാണ്. യു.പി. ക്കാരിയായ സുഷമ തിവാരി ഒരു ബ്രാഹ്മണ കുടുംബാംഗമാണ്. അവർ മുംബായിൽവച്ച് കേരളത്തിൽനിന്നുള്ള ഈഴവയുവാവായ പ്രഭുനൊച്ചിലുമായി അടുക്കുന്നു. അത് വിവാഹത്തിൽ കലാശിച്ചു.

സുഷമയുടെ സഹോദരന് ഇത് സഹിക്കാനായില്ല. അയാൾ മുംബായിലെത്തി പ്രഭു, അയാളുടെ അഛൻ, രണ്ടു കുട്ടികൾ എന്നിവരെ വധിച്ചു. സുഷമ ഒരു വിരുന്നിനു പോയിരുന്നതിനാൽ കൂട്ടക്കൊലയിൽനിന്ന് രക്ഷപ്പെട്ടു.

സുഷമയുടെ സഹോദരനായ ദിലീപിനും കൂട്ടുകാർക്കും മുംബായ് സെഷൻസ് കോടതിയും പിന്നീട് ഹൈക്കോടതിയും വധശിക്ഷ വിധിച്ചു. ഇതിന്നെതിരായ അപ്പീൽ സുപ്രീം കോടതിയിലെത്തിയപ്പോൾ എല്ലാവരേയും വധശിക്ഷയിൽനിന്ന് ഒഴിവാക്കുകയും 25 കൊല്ലത്തെ തടവിന്ന് ശിക്ഷിക്കുകയും ചെയ്തു. സുഷമ ഇതിനെതിരായി ഈ ഫെബ്രുവരിയിൽ റവ്യൂ ഹർജി സമർപ്പിച്ചിട്ടുണ്ട്.

സംഭവ പരമ്പരകളുടെ ആരംഭം 2004-ൽ ആണ്. സുഷമയും പ്രഭുവും വിവാഹിതരായി ഏഴുമാസം കഴിഞ്ഞപ്പോൾ ദിലീപും കൂട്ടുകാരും പ്രഭുവിന്റെ വീടിനുനേരെ ആക്രമണം നടത്തി. നൊച്ചിൽ കുടുംബത്തിലെ നാലുപേരെ വധിച്ച ഇവർ മറ്റു രണ്ടുപേർക്ക് ഗുരുതരമായ പരിക്കേൽപ്പിക്കുകയും ചെയ്തു. ഗർഭിണിയായിരുന്ന സുഷമ ഭാഗ്യം കൊണ്ട് രക്ഷപ്പെട്ടു. സുഷമ ഒരു ബന്ധുവിനെ കാണാൻ പോയ സമയത്തായിരുന്നു ആക്രമണം.

പ്രതികൾക്ക് നൽകപ്പെട്ട വധശിക്ഷ ഒഴിവാക്കാൻ സുപ്രീംകോടതി പറഞ്ഞ കാരണങ്ങളാണ് അത്ഭുതകരമായിട്ടുള്ളത്. ഒരു വീട്ടിലെ അനുജത്തി അസാധാരണമായിട്ടെന്തെങ്കിലും ചെയ്യുമ്പോൾ അവളെ അതിൽനിന്നും തടയാതിരുന്നതിന്ന് നാട്ടുകാർ ന്യായമായാലും അല്ലെങ്കിലും കുറ്റം പറയുക ജ്യേഷ്ഠനെയാണ്. ഇവിടെയാകട്ടെ, അസാധാരണമായ ആ പ്രവൃത്തി ജാതിയും സമൂഹവും വിട്ടുള്ള വിവാഹമാണ്. സമൂഹത്തിന്റെ പ്രതികരണം ശരിയായിട്ടാണെങ്കിലും അല്ലെങ്കിലും സഹോദരനെതിരായിട്ടായിരിക്കും. അയാൾ ശരിയായിട്ടാണെങ്കിലും അല്ലെങ്കിലും ജാതി പരിഗണനക്കിരയാകുന്നുവെങ്കിൽ, അതിന്ന് വധശിക്ഷ വിധിക്കുന്നത് ന്യായമായിരിക്കില്ല. ജാതീയത, സാമുദായികത്വം, മതചിന്ത എന്നിവയുടെ ദൂഷിതമായ പിടിയിൽ അമർന്നു പോകുന്നുവെങ്കിൽ, അത്, തീർത്തും അന്യായമായാൽപോലും, ഒരുതനി യാഥാർത്ഥ്യമാണ്.

ഈ ന്യായവാദത്തെ സുഷമ ചോദ്യം ചെയ്യുന്നു. നമ്മുടെ ഭരണഘടന പ്രകാരവും വിവിധ നിയമങ്ങളനുസരിച്ചും ഈ വീക്ഷാഗതി തീർത്തും തെറ്റും നിയമവിരുദ്ധവുമാണെന്ന് സുഷമ പറയുന്നു. ➡ പട്ടികജാതിക്കാരേയും പട്ടികവർഗ്ഗക്കാരേയും സംരക്ഷിക്കുന്നതിന്നുള്ള 1989 ലെ നിയമം നിലനിൽക്കെ ആചാരമനുഷ്ഠാനങ്ങളുടെ അടിസ്ഥാനത്തിൽ ഒരു വിധി പറയാനാവില്ലെന്ന് അവർ ചൂണ്ടിക്കാട്ടുന്നു. വാസ്തവത്തിൽ ഈ ജാതിവിരോധംതന്നെ ഒരു ക്രിമിനൽ കുറ്റമാണെന്ന് അവർ ഓർമ്മിപ്പിക്കുന്നു.

വാസ്തവത്തിൽ ജാതി വിരോധത്തിന്റെ അടിസ്ഥാനത്തിലുള്ള ഈ കൂട്ടക്കൊല ഹീനമായ കൊലപാതകമായി കോടതി കണക്കാക്കേണ്ടതും, മേലിലാരും ഇത്തരം കൃത്യങ്ങൾക്ക് മുതിരാതിരിക്കാൻ കടുത്ത ശിക്ഷ വിധിക്കേണ്ടതുമാണെന്നും സുഷമയുടെ ഹർജിയിൽ പറയുന്നുണ്ട്.

സ്വന്തം ജാതിക്കു പുറമെനിന്ന് വിവാഹം കഴിക്കാൻ ആഗ്രഹിക്കുന്നവർക്കെല്ലാം സുപ്രിം കോടതിയുടെ ഈ വിധി തെറ്റായ ഒരു സന്ദേശമാണ് നൽകുകയെന്ന് സുഷമ പത്രക്കാരോട് പറഞ്ഞു.

എന്റെ രക്ഷക്കുവേണ്ടിയല്ല ഞാനിത് പറയുന്നത്; അഞ്ചു വയസ്സുള്ള എന്റെ മകളുടെ രക്ഷക്കുവേണ്ടിയുമല്ല മാനവരാശിയുടെ രക്ഷക്കുവേണ്ടിയെങ്കിലും സുപ്രീംകോടതി അതിന്റെ വിധി തിരുത്തേണ്ടതുണ്ട് എന്ന് അവർ പറഞ്ഞു. ❏

# ഡോക്ടർമാരും പാവങ്ങളോട് കാണിക്കുന്ന അനീതിയും

- കാവേരി നമ്പീശൻ -

നമ്മുടെ ഗ്രാമങ്ങളിൽ സേവനമനുഷ്ഠിക്കുന്നതിന്നുള്ള ഡോക്ടർമാരെ പരിശീലിപ്പിക്കാനായി ഒരു ഹ്രസ്വകാല മെഡിക്കൽ കോഴ്സ് ആരംഭിക്കാനുള്ള ഒരു നിർദ്ദേശം ഗവർമ്മേണ്ട് ഈയിടെ ഉന്നയിക്കുകയുണ്ടായി. ദേശീയ മനുഷ്യാവകാശ കമ്മീഷനും ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ നാനാവിധ ശാഖകളും ഇതിനെ വിമർശിച്ചിട്ടുണ്ട്. ഗ്രാമീണജനതയോട് വിവേചനം കാണിക്കുന്നു എന്നാണ് അവരുടെ പരാതി! ഇത്തരം ഹ്രസ്വകാല കോഴ്സുകൾ മുറിവൈദ്യന്മാരെ സൃഷ്ടിക്കുമെന്ന് അവർ ഭയപ്പെടുന്നു.

ദേശീയ മനുഷ്യാവകാശ കമ്മീഷനിലെ ആരേയും എനിക്കറിയില്ല. എന്നാൽ ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ ജില്ലാതല ശാഖകളിലും സംസ്ഥാന ശാഖകളിലുമുള്ള പല ഡോക്ടർമാരേയും എനിക്കറിയാം. നമ്മുടെ ഗ്രാമങ്ങളിലെ ജനങ്ങളുടെ ക്ഷേമ കാര്യത്തിൽ ഇവർക്ക് പെട്ടെന്നുണ്ടായിരിക്കുന്ന ഉൽക്കണ്ഠ അത്ഭുതാവഹമാണ്. കാരണം, ഈ സ്പെഷലിസ്റ്റുകൾക്ക് അവരുടേതായ മേഖലക്കപ്പുറത്തുള്ള ഒരു മെഡിക്കൽ പ്രശ്നത്തെക്കുറിച്ചും അറിയില്ല. ഇന്ത്യൻ മെഡിക്കൽ അസോസിയേഷനെപ്പോലുള്ള സംഘടനകൾ പ്രതിസന്ധികളെ നേരിടുന്നതിൽ തീർത്തും പരാജയപ്പെട്ടവയാണ്. രചനാത്മകമായി ഒന്നുംതന്നെ ഇവർക്ക് നൽകാനാവില്ല. ഗ്രാമപ്രദേശങ്ങളിൽ മുറി വൈദ്യന്മാർ പെരുകുമെന്ന ഇവരുടെ ഭീതി ആനമണ്ടത്തരമാണ്. മുറിവൈദ്യന്മാർ രണ്ടുതരമുണ്ട്. എം.ബി.ബി.എസ്. ബിരുദവും പേറി നടക്കുന്നവരാണ് ഒരു കൂട്ടരെങ്കിൽ, അതില്ലാത്തവരാണ് രണ്ടാമത്തെക്കൂട്ടർ. ഒരു ഡോക്ടർ സദാചാര മൂല്യങ്ങളെ കാറ്റിൽ പറത്തുമ്പോൾ എം.ബി.ബി. എസ്. ബിരുദമുള്ളവരും ഇല്ലാത്ത

വരും തമ്മിൽ വ്യത്യാസമൊന്നുമില്ല.

എനിക്കു ചില അഭിപ്രായ വ്യത്യാസങ്ങളുണ്ടെങ്കിലും, ഞാനീ ഹ്രസ്വകാല മെഡിക്കൽ കോഴ്സിനെ പൂർണ്ണമായും പിന്താങ്ങുന്നു. കാരണം, ആറുകൊല്ലത്തെ സമ്പൂർണ്ണ കോഴ്സ് പൂർത്തിയാക്കുന്നവർ പിന്നീടൊരിക്കലും ഗ്രാമപ്രദേശങ്ങളിലേക്കു തിരിഞ്ഞു നോക്കാറില്ല. സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം ഇന്ത്യയിലെ മെഡിക്കൽ കോളേജുകളുടെ എണ്ണം പത്തിരട്ടിയിലേറെ വർധിച്ചു. ഇന്ന് ഇന്ത്യയിൽ ആറു ലക്ഷത്തിൽപരം ഡോക്ടർമാരുണ്ട്. അവരെല്ലാം നഗരങ്ങളിൽ കേന്ദ്രീകരിച്ചിരിക്കുകയാണ്. കാരണം സാമൂഹ്യ പ്രതിബദ്ധതയേക്കാൾ അവർക്ക് പ്രധാനം പണമാണ്. ആസ്പത്രി കട്ടിലുകളിൽ എൺപത് ശതമാനവും നഗരങ്ങളിലാണ്. എന്നാൽ ഇന്ത്യക്കാരിലധികവും നഗരത്തിന്നു പുറത്താണ്. ഇത്ര കാലവും ഗ്രാമീണ മേഖലക്കെതിരെ വിവേചനം കാണിച്ച ഡോക്ടർമാർക്ക്, ഗ്രാമങ്ങളിലെ പോരായ്മ അൽപം നികത്താനുള്ള ശ്രമത്തിന്നെതിരെ പ്രതിഷേധിക്കാൻ ഒരവകാശവുമില്ല.

അതിനും പുറമെ, നഗരങ്ങളിൽ കൂണുപോലെ മുളച്ചു പൊന്തിക്കൊണ്ടിരിക്കുന്ന സൂപ്പർ സ്പെഷാലിറ്റികൾക്കെതിരെ ഡോക്ടർമാരുടെ ഒരു സംഘടനയും ഒരക്ഷരം ഉരിയാടിയിട്ടില്ല. ഈ തിളങ്ങുന്ന വൃത്തികെട്ട സ്ഥാപനങ്ങൾക്കെതിരെ ആരും ഒന്നും പറയുന്നില്ലെന്നല്ല, നമ്മുടെ പത്രങ്ങളുടെ ഔദാര്യംമൂലം ഇവയെല്ലാം മാനവസേവകൾക്കുള്ള മഹത്തായ സ്ഥാപനങ്ങളായി പ്രകീർത്തിക്കപ്പെടുകയും ചെയ്യുന്നു. വാസ്തവം പറഞ്ഞാൽ, മാനവസേവയൊഴിച്ചെല്ലാം ഈ കൂറ്റൻ സ്ഥാപനങ്ങളിൽ നടക്കുന്നുണ്ട്. ചെലവേറിയ സകല ചികിത്സാ സംവിധാനങ്ങളും ഇവയിലുണ്ട്. ഇന്ത്യയിലെ ജനങ്ങളിൽ 15%ന്നുമാത്രം താങ്ങാൻ കഴിയുന്ന ചെലവാണിത്. ഇത്തരം വൻകിട സ്ഥാപനങ്ങളിൽ പലതും ഉപഗ്രഹ ശാഖകൾ നിർമ്മിക്കുന്ന തിരക്കിലാണ്. ഗ്രാമങ്ങൾക്കായി ഇവർ അവ്യക്തമായ ഇൻഷുറൻസ് പദ്ധതികളും ടെലിമെഡിസിൻ നെറ്റ്വർക്കും ഉണ്ടാക്കുന്നു. ഇവ സേവനത്തേക്കാൾ പൊങ്ങച്ചമാണ് പ്രദാനം ചെയ്യുന്നത്. ഗ്രാമീണരെ ചെലവേറിയ ചികിത്സകളിലേക്ക് ആകർഷിക്കാനുള്ള തന്ത്രങ്ങളാണ് ഇവയിലധികവും.

ഡോക്ടർമാരായ നാം നമ്മുടെ ഗ്രാമീണ സഹജീവികളെ വല്ലാതെ ദ്രോഹിക്കുകയാണ് ചെയ്തിരിക്കുന്നത്. ചികിത്സയുടെ കലയും ശാസ്ത്രവും കരസ്ഥമാക്കിയ നാം നമ്മുടെ സഹായം അത്യാവശ്യമായവരെ വഞ്ചിക്കുകയാണ് ചെയ്യുന്നത്. എന്നിട്ടും ഇന്ത്യൻ മെഡിക്കൽ അസോസിയേഷനോ ദേശീയ മനുഷ്യാവകാശ കമ്മീഷനോ ഒന്നു പ്രതിഷേധിക്കുക പോലും ചെയ്തിട്ടില്ല.

കഴിഞ്ഞ അറുപതുകൊല്ലമായി നാം അവഗണിച്ചുതള്ളിയിരിക്കുന്ന വിടവ് ആരെങ്കിലും നികത്തട്ടെ. ചികിത്സയുടെ അടിസ്ഥാന തത്വം സങ്കീർണമൊന്നുമല്ല. മൂന്നരകൊല്ലത്തെ ഒരു കോഴ്സ് പൂർത്തിയാക്കുന്നവർക്ക് സാധാരണയായി ബാധിക്കുന്ന രോഗങ്ങളിൽ 85 ശതമാനത്തിന്നും നിവാരണമുണ്ടാക്കാൻ കഴിയും. ഗ്രാമങ്ങളിലായാലും നഗരങ്ങളിലായാലും അതാണ് സ്ഥിതി. ഒരു സൂപ്പർ സ്പെഷാലിറ്റിയിലെ ഡോക്ടർക്കും ഇതിലധികമൊന്നും ചെയ്യാനാവില്ല. കയ്യിന്മേലെ നഖം ചതഞ്ഞാൽ അതിന്നു ചികിത്സിക്കാൻ ഒരു ഹൃദ്രോഗ വിദഗ്ധന്റെ ആവശ്യമൊന്നുമില്ല; ശരീരത്തിലെവിടെയെങ്കിലും ചൊറിഞ്ഞു പൊട്ടിയാൽ ഒരു എല്ലുരോഗവിദഗ്ധന്റെ സേവനമൊന്നും ആവശ്യമില്ല; കാലിന്റെ കണ്ണിയൊന്ന് ഉളുക്കിയാൽ ഒരു മൂത്രാശയ വിദഗ്ധന്റെ സേവനമൊന്നും വേണ്ട. നമ്മുടെ ഗ്രാമങ്ങൾക്കാവശ്യം ഏതു രോഗത്തിന്നും ലഘുവായ ചികിത്സ നടത്താൻ കഴിവുള്ള ഭിഷഗ്വരന്മാരെയാണ്.

ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റേയും ദേശീയ മനുഷ്യാവകാശ കമ്മീഷന്റേയും പ്രതിഷേധം കേട്ട ഉടനെ ഇന്ത്യൻ മെഡിക്കൽ കൗൺസിൽ ഒരു സമ്മേളനം വിളിച്ചുകൂട്ടിയിട്ടുണ്ട്. എല്ലാ മെഡിക്കൽ കോളേജുകളുടേയും ഡീൻമാർ, സംസ്ഥാന ആരോഗ്യ സെക്രട്ടറിമാർ, വിവിധ മെഡിക്കൽ അസോസിയേഷനുകളുടെ ഭാരവാഹികൾ എന്നിവരെല്ലാം ക്ഷണിക്കപ്പെട്ടവരിൽ പെടുന്നു. ഇവരുടെയെല്ലാം അഭിപ്രായം അറിഞ്ഞശേഷം അന്തിമ തീരുമാനമെടുക്കുമെന്നാണ് പറയുന്നത്.

ഇവർ തിരക്കുപിടിച്ച് എന്തെങ്കിലും തീരുമാനിക്കുന്നതിന്നുമുമ്പ് ഈ കോഴ്സിന്ന് പറ്റിയ ഒരു സിലബസ്സും, കോഴ്സ് നടത്താൻ പറ്റിയ സ്ഥാപനങ്ങളും കണ്ടുപിടിക്കുമെന്ന് ആശിക്കാനേ പറ്റൂ.

ദീർഘകാലമായി ഗ്രാമങ്ങളിൽ പ്രവർത്തിച്ചുവരുന്ന ഒട്ടേറെ മെഡിക്കൽ വിദഗ്ധന്മാർ ഇന്ത്യയിലുണ്ട്. ലഘുവായ ചികിത്സകൊണ്ട് ആരോഗ്യസ്ഥിതി മെച്ചപ്പെടുത്താമെന്ന് അവർ തെളിയിച്ചിട്ടുണ്ട്. ഇവരുടെ പ്രവർത്തനങ്ങൾ അന്യ രാജ്യക്കാർ കണ്ടു മനസ്സിലാക്കുകയും അനുകരിക്കുകയും ചെയ്തുവരുന്നു. ഇവരോട് ചോദിച്ചാൽ കരിക്കുലം തയ്യാറാക്കുന്നതും പാഠ്യരീതി തയ്യാറാക്കുന്നതും എളുപ്പമാകും.

പതിനായിരത്തിൽ താഴെ ജനസംഖ്യയുള്ള ഗ്രാമങ്ങളിൽ വളരുകയും പഠിക്കുകയും ചെയ്യുന്നവർക്കാണ് ഗ്രാമീണ മെഡിക്കൽ സീറ്റ് നീക്കിവയ്ക്കേണ്ടത്. നഗരങ്ങളിലെ ദരിദ്ര വിദ്യാർത്ഥികൾക്കും ഗോത്രവർഗ്ഗ വിദ്യാർത്ഥികൾക്കും സീറ്റ് നൽകാവുന്നതാണ്.

ഇന്ത്യയിലെ ഗ്രാമപ്രദേശങ്ങളിൽ രണ്ടു ദശകതിതിലേറെകാലം സേവനമനുഷ്ഠിച്ച അനുഭവജ്ഞാനംവച്ചു പറഞ്ഞാൽ ചികിത്സ എന്ന കല വളരെ ലളിതമാണ്. ശരീരത്തേയും അതിന്റെ പ്രവർത്തന രീതിയേയും ശരിയായി മനസ്സിലാക്കുക; രോഗബാധയുടെ സാഹചര്യം മനസ്സിലാക്കുക; ചികിത്സിക്കാനുള്ള ജ്ഞാനമുണ്ടാകുക, കാരണം മനസ്സിലാക്കി അതാവർത്തിക്കാതിരിക്കാൻ പറഞ്ഞുകൊടുക്കുക മിക്ക രോഗങ്ങളും ഈ പരിധിക്കകത്ത് ഒതുങ്ങും.

ഇന്ത്യൻ ജനാധിപത്യം സാമൂഹ്യനീതി കൈവരുത്തുന്നതിൽ പരാജയപ്പെട്ടിരിക്കുകയാണ്. ഇന്ത്യ ഒരു സാമ്പത്തിക വൻശക്തിയാകാൻ പോകുന്നുവെന്നാണ് എല്ലാവരും പറയുന്നത്. പക്ഷെ ജനങ്ങളിൽ അമ്പതുകോടിക്കും അടിസ്ഥാനപരമായ ആരോഗ്യ സൗകര്യംപോലും ലഭ്യമല്ല. ഇവരിൽ മിക്കവരും ഗ്രാമീണ ജനതയാണ്. ഇവരിലധികവും ഗ്രാമങ്ങളിലോ നഗരപ്രാന്തങ്ങളിലോ ചേരികളിലോ ജീവിക്കുന്നവരാണ്. അവർക്കല്പം ആശ്വാസമെത്തിക്കാനുള്ള ശ്രമത്തെ തടയുന്നത് ക്രൂരമാണ്.

(കാവേരി നമ്പീശൻ ഒരു സർജനാണ്. അധികകാലവും ഗ്രാമങ്ങളിലായിരുന്നു സേവനം. ഇവരൊരു നോവലിസ്റ്റുകൂടിയാണ്) ❑

# വിവരാവകാശ നിയമത്തിന്ന് രണ്ടു രക്തസാക്ഷികൾ

**- രാജീവ് കുമാർ -**

**ബ**ീഹാറിലെ ബഗുസരായിയിൽ ഉദ്യോഗസ്ഥന്മാരുടേയും ജനപ്രതിനിധികളുടേയും അഴിമതികൾ പുറത്തുകൊണ്ടുവരാൻ വിവരാവകാശ നിയമത്തെ ഫലപ്രദമായി ഉപയോഗപ്പെടുത്തിവന്നിരുന്ന പൊതു പ്രവർത്തകനായ ശശിധർ മിശ്രയെ കഴിഞ്ഞ ഫെബ്രുവരി 16ന്ന് അദ്ദേഹത്തിന്റെ വീട്ടുമുറ്റത്തുവച്ച് ആരോ വെടിവച്ചുകൊന്നു. വീട്ടിലെത്തിയ മിശ്ര തന്റെ സൈക്കിൾ മുറ്റത്ത് ഒതുക്കിവയ്ക്കുന്നതിന്നിടയിൽ മോട്ടോർ സൈക്കിളിലെത്തിയ മൂന്നുപേർ വെടിവെക്കുകയാണുണ്ടായത്. തലക്ക് വെടിയേറ്റ മിശ്ര അവിടെത്തന്നെ മരിച്ചുവീണു.

ക്ഷേമ പദ്ധതികൾക്കായി ഗവർമ്മേണ്ട് അനുവദിക്കുന്ന പണം സ്വന്തം പോക്കറ്റിലാക്കുന്ന ഉദ്യോഗസ്ഥന്മാരുടെ അഴിമതി വിവരാവകാശനിയമം പ്രയോഗിച്ച് പുറത്തുകൊണ്ടുവരുന്നതിൽ അതിസമർത്ഥനായ മിശ്രക്ക് നാട്ടിൽ ഖബ്രിലാൽ എന്ന ഓമനപ്പേരുണ്ടായിരുന്നു. ഉദ്യോഗസ്ഥന്മാർ മാത്രമല്ല ജനപ്രതിനിധികളും ഇതിൽ പങ്കുപറ്റാറുണ്ട്. അതൊക്കെ പുറത്തുകൊണ്ടുവരുന്നതിനാൽ ജനപ്രതിനിധികളുടെ അനിഷ്ടവും മിശ്ര സമ്പാദിച്ചിരുന്നു.

വിവരാവകാശനിയമം ഉപയോഗിച്ച് അഴിമതികൾ പുറത്തുകൊണ്ടുവരുന്നതാകണം ഈ വധത്തിന്ന് കാരണമെന്നാണ് പോലീസ് സൂപ്രണ്ട് വിനയകുമാർ പറഞ്ഞത്. പക്ഷെ ഇതിന്റെ പിന്നിൽ വേറെയും ദുഷ്ട ശക്തികളുണ്ടാകാമെന്ന് അദ്ദേഹം പറഞ്ഞു. പല കേസുകളിലും മിശ്ര സാക്ഷി പറയാറുണ്ട്. അതും ഒരു കാരണമാകാമെന്ന് പോലീസ് സംശയിക്കുന്നു.

വിവരാവകാശനിയമം ഉപയോഗിച്ച് അഴിമതി പുറത്തുകൊണ്ടുവരുന്നവരെ കടന്നാക്രമിക്കുന്ന പ്രവണത ഏറിവരികയാണെന്ന് പോലീസ് പറയുന്നു. പഞ്ചായത്ത് - ബ്ലോക്ക തലങ്ങളിൽ നടക്കുന്ന അഴിമതികൾ പുറത്തുകൊണ്ടുവരാൻ വിവരാവകാശ നിയമം എന്ന ആയുധവുമായി നിരന്തരം പോരാടുന്ന ഒരാളായിരുന്നു മിശ്ര.

ബീഹാറിൽ വിവരാവകാശനിയമം "സൗകര്യപ്രദമായ" വിധത്തിൽ ഭേദഗതി ചെയ്യാനും ശ്രമം നടക്കുന്നുണ്ട്. വിവരാവകാശ നിയമമനുസരിച്ച് അപേക്ഷ സമർപ്പിക്കുന്നവരെ ദ്രോഹിക്കുന്നത് സർവ്വസാധാരണമാണ്. ഇത്തരം സംഭവങ്ങളിൽ പോലീസ് കേസെടുത്താൽപോലും ആരുമറിയാതെ കേസ് പിൻവലിക്കും. അപേക്ഷകന് യഥാസമയം വിവരം നൽകിയില്ലെങ്കിൽ അതിന്നുത്തരവാദിയായ ഉദ്യോഗസ്ഥന്റെ ശമ്പളത്തിൽനിന്ന് ദിവസമൊന്നുക്ക് 250 രൂപ വീതം പിടിക്കണമെന്ന് നിയമമുണ്ട്. പക്ഷെ ഒരാളിൽനിന്നും പിഴ ഈടാക്കാറില്ല.

ഈ നാലു കൊല്ലത്തിന്നിടയിൽ ഗവർമ്മേണ്ട് 22 ഉദ്യോഗസ്ഥന്മാർക്കെതിരെ മാത്രമേ കേസെടുത്തിട്ടുള്ളു; നൂറുകണക്കിന്ന് ഉദ്യോഗസ്ഥന്മാരുടെ കാര്യത്തിൽ ഗവർമ്മേണ്ട് കണ്ണടയ്ക്കുകയാണുണ്ടായത്. ഗവർമ്മേണ്ടിപ്പോൾ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള അപേക്ഷകരിൽനിന്ന് പേജൊന്നിന്ന് രണ്ടുരൂപവീതം ഈടാക്കാൻ നിശ്ചയിച്ചിട്ടുണ്ട്. വിവരാവകാശ നിയമത്തിലെ 7(5) വകുപ്പിൽ പറയുന്നത് ദാരിദ്ര്യരേഖക്ക് താഴെയുള്ളവരിൽനിന്ന് പണമൊന്നും വസൂലാക്കരുത് എന്നാണ്. ബീഹാർ ഗവർമ്മേണ്ടിന്റെ ഈ തീരുമാനം രഹസ്യങ്ങൾ മറച്ചുവയ്ക്കാനേ സഹായിക്കൂ എന്ന് മാഗ്സേസെ അവാർഡ് ജേതാവായ സന്ദീപ് പാണ്ഡെ പറയുന്നു.

അതിനേക്കാൾ വിചിത്രമായ കാര്യം മറ്റൊന്നാണ്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് ഫീസ് വസൂലാക്കാൻ ഗവർമ്മേണ്ട് ഒരു ന്യായവും പറയുന്നില്ല എന്നതാണ്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ ഗവർമ്മേണ്ടിന്ന് എന്ത് അസൗകര്യമാണ് ഉണ്ടാക്കിയതെന്ന് ഗവർമ്മേണ്ട് വിശദീകരിക്കുന്നില്ല. ആ നിലക്ക് ഗവർമ്മേണ്ടിന്റെ ഈ തീരുമാനം പാവങ്ങൾക്കെതിരായ കടന്നാക്രമണമാണ്.

**സതീശ് ഷെട്ടി**

ഈ ജനുവരി 13ന്ന് പൂനയിൽനിന്നും 45 കിലോമീറ്റർ ദൂരെയുള്ള തലേഗവോൺ എന്ന ഗ്രാമത്തിൽവച്ച് സതീശ്ഷെട്ടി എന്ന വിവരാവകാശ പ്രവർത്തകനെ വധിച്ചതിന്ന് ഒരു അഭിഭാഷകനും രണ്ടു ശിങ്കിടികളും അറസ്റ്റ് ചെയ്യപ്പെടുകയുണ്ടായി.

ഷെട്ടി ഒരു പൊതുപ്രവർത്തകനായിരുന്നു. അഴിമതി തടയാനുള്ള അദ്ദേഹത്തിന്റെ ശ്രമങ്ങളെല്ലാം പരാജയപ്പെടുകയാണുണ്ടായത്. അങ്ങനെയിരിക്കെയാണ് 2005ൽ പാർലിമെന്റ് വിവരാവകാശനിയമം പാസാക്കുന്നത്. ഷെട്ടിയുടെ കൈകളിൽ അതൊരു ഉഗ്രൻ ആയുധമായിരുന്നു.

ഭൂമി സംബന്ധിച്ച ഇടപാടുകൾ, പൊതുവിതരണ സംവിധാനത്തിലെ അഴിമതികൾ, നിയമവിരുദ്ധമായി നിർമ്മിക്കുന്ന കെട്ടിടങ്ങൾ തുടങ്ങിയവയെല്ലാം ഷെട്ടിയുടെ "ആയുധ"ത്തിന്ന് ഇരയായി. അതിന്നുമപ്പുറം വിവരാവകാശ നിയമം ഉപയോഗിച്ച് എങ്ങനെ അഴിമതികൾ തടയാമെന്ന് അദ്ദേഹം ജനങ്ങളെ പഠിപ്പിക്കുകയും ചെയ്തു.

ഷെട്ടിയുടെ ഏറ്റവും വലിയ ഇരകളിൽ ആദ്യത്തേത് തലേഗവോൺ മുൻസിപ്പൽ പ്രസിഡണ്ടായ കൃഷ്ണകാർക്കെയായിരുന്നു. ഇദ്ദേഹം 2003ൽ റെയിൽവേ വകയായ ഭൂമിയിൽ ഒരു ഉഗ്രൻ ബംഗ്ലാവ് പണിയിച്ചിരുന്നു. ഷെട്ടി വിവരാവകാശ നിയമം വഴി ഇത് നിയമവിരുദ്ധമാണെന്ന് സ്ഥാപിച്ചു. ഒടുവിൽ 2007ൽ ആ ബംഗ്ലാവ് പൊളിച്ചു നീക്കേണ്ടിവന്നു. രാഷ്ട്രീയ രംഗത്ത് വലിയ ഒച്ചപ്പാടുണ്ടാക്കിയ സംഭവമാണിത്.

ഷെട്ടി അവിടെ നിർത്തിയില്ല. 2007ൽ തന്നെ അദ്ദേഹം സ്വാധീനശക്തിയുള്ള ഒരു കെട്ടിട നിർമ്മാതാവിനെ പിടികൂടി. പൂന ജില്ലാ പരിഷത്ത് അംഗമായ നിതിൻ സാബ്ലെ കൈവശം വച്ചുവരുന്ന പതിനൊന്നേക്കർ ഭൂമി നിയമവിരുദ്ധമായി കയ്യടക്കിയതാണെന്ന് ഷെട്ടി സ്ഥാപിച്ചു. ഇതുസംബന്ധിച്ച കേസ് ഇപ്പോഴും തുടർന്നുവരികയാണ്. മുനിസിപ്പൽ ഉദ്യോഗസ്ഥന്മാരും ഒരു ബിസിനസ്സുകാരനും തമ്മിൽ നടന്ന ഇടപാട് അഴിമതിയാണെന്നും അദ്ദേഹം സ്ഥാപിച്ചു.

വിവരാവകാശ നിയമത്തിലൂടെ ഷെട്ടി പുറത്തുകൊണ്ടുവന്ന ഏറ്റവും വലിയ അഴിമതി 3000 ഏക്കർ സംബന്ധിച്ചുള്ളതാണ്. ലോക്കൽ ടൗൺ പ്ലാനിങ് ഓഫീസിലെ ഉദ്യോഗസ്ഥന്മാരും ചില വൻകിട കമ്പനികളും തമ്മിൽ ഒത്തുകളിച്ച് 3000 ഏക്കർ കമ്പനികൾക്ക് നൽകി. മുംബായ്-പൂന എക്സ്പ്രസ്സ് ഹൈവേക്ക് തൊട്ടുകിടക്കുന്ന പൊന്നായ ഭൂമിയാണിത്. ഒരു സബ് രജിസ്ട്രാറെ സസ്പെൻഡ് ചെയ്ത് ഗവർമ്മേണ്ട് കാര്യമൊതുക്കി.

ഷെട്ടിയുടെ വധം സംബന്ധിച്ച് ഒരു വക്കീലിനേയും രണ്ടു കൂട്ടാളികളേയും അറസ്റ്റ് ചെയ്തിരുന്നു. വിജയ് ദാബദെ എന്ന വക്കീലാണ് കുടുക്കിൽ പെട്ടത്. ദാബദെ തലേഗവോണിൽ അനധികൃതമായി ഒരു ബംഗ്ലാവ് നിർമ്മിച്ചിരുന്നു. അക്കാര്യം പുറത്തുകൊണ്ടുവന്നതിന്ന് വക്കീൽതന്നെ ഷെട്ടിയെ അക്രമിച്ചിരുന്നു. അതു ഫലിക്കാതെ വന്നപ്പോൾ ഷെട്ടിയെ വധിക്കാൻ ഗുണ്ടകളെ നിയോഗിച്ചുവെന്നാണ് കേസ്.

കേസ് തേച്ചുമാച്ചു കളയാൻ പോലീസ് ഒരു ശ്രമം നടത്തി. തന്മൂലം ബോംബെ ഹൈക്കോടതി ഇടപെടുകയും കേസന്വേഷണം ത്വരിതപ്പെടുത്താൻ ഗവർമ്മേണ്ടിന്നു കല്പന നൽകുകയും ചെയ്തു. അങ്ങനെയാണ് വക്കീലും കൂട്ടുകാരും അറസ്റ്റ് ചെയ്യപ്പെട്ടത്. ❑

# വൻകിട മാധ്യമങ്ങൾ വർഗീയത വളർത്തുന്നു

**- ടീസ്റ്റ സെത്തൽവാദ് -**

**ഇ**ന്ത്യയിലെ വൻകിട മാധ്യമങ്ങൾ വർഗ്ഗീയതയെ പ്രോത്സാഹിപ്പിക്കുകയും സമൂഹത്തെത്തന്നെ വലതു പക്ഷത്തേക്ക് തള്ളി നീക്കുകയുമാണ് ചെയ്തുവരുന്നത്. വൻകിട മാധ്യമങ്ങളുടെ ലക്ഷ്യം ലാഭം കൊയ്യൽ മാത്രമാണ്. അതിന്നായി അവർ ഇടത്തരക്കാർക്കും നഗരവാസികൾക്കും ആവശ്യമുള്ളതെല്ലാം തട്ടിക്കൂട്ടുന്നു. വർഗീയ സംഘർഷങ്ങൾ ഇവർക്കൊരു രസമാണ്. മുഠാള ദേശീയതയാണിവരുടെ കൈമുതൽ. ഭരണകൂടത്തിന്റെ തെറ്റുകളേയും കുറ്റങ്ങളേയും വിമർശിക്കുക എന്ന ദൗത്യം നിർവ്വഹിക്കുന്നതിന്നു പകരം മാധ്യമങ്ങൾ ഭരണകൂടത്തിന്റെ കൈത്തോഴിമാരായി മാറിയിരിക്കുകയാണ്.

ജനാധിപത്യത്തിന്റെ കാവൽക്കാരനെന്നും ഭരണകൂടത്തിന്റെ നാലാമത്തെ തൂണെന്നുമുള്ള പദവി മാധ്യമങ്ങൾ വലിച്ചെറിഞ്ഞിരിക്കുന്നു. പത്രത്തിൽ വാർത്ത കൊടുക്കാൻ കാശു ചോദിക്കുന്ന പ്രതിഭാസം രാജ്യത്താകെ അതിവേഗം പടർന്നു പിടിച്ചുകൊണ്ടിരിക്കുകയാണ്. ഇന്ത്യയിലെ മാധ്യമങ്ങൾ ആന്തരികമായി കെട്ടുനാറിയിരിക്കുന്നുവെന്നാണിത് കാണിക്കുന്നത്.

പത്രത്തിൽ വാർത്ത കൊടുക്കാൻ പണം വാങ്ങുന്ന ഏർപ്പാട് തുടങ്ങിയിട്ട് കാലം കുറച്ചായി. കഴിഞ്ഞ ലോകസഭാ തിരഞ്ഞെടുപ്പിന്ന് തൊട്ടുമുമ്പ് നരേന്ദ്ര മോഡിയെ പ്രധാനമന്ത്രിയാക്കണമെന്ന് നിർദ്ദേശിക്കുന്ന കുറെ വാർത്തകൾ ചില പത്രങ്ങളിൽ പ്രത്യക്ഷപ്പെട്ടിരുന്നു. കാശുവാങ്ങി വാർത്ത നൽകുന്ന പ്രതിഭാസത്തിന്റെ ഒരു ഭാഗമായിരുന്നു ഇതെന്നു തോന്നുന്നു.

മാധ്യമങ്ങൾ വർഗ്ഗീയവൽക്കരിക്കുന്നതിനുള്ള ഒരു മഹായത്നം 1990കളിൽതന്നെ ആരംഭിച്ചിരുന്നു. അയോധ്യ പ്രക്ഷോഭണ കാലത്ത് ആരംഭിച്ചതാണിത്. മാധ്യമങ്ങളിൽ പലതിലും ആർ.എസ്.എസ്.കാരും ഹിന്ദുത്വ വാദികളും നുഴഞ്ഞു കയറിയിട്ടുണ്ട്. പോലീസ് വകുപ്പ്, സർക്കാർ വകുപ്പുകൾ, വിവിധ രഹസ്യാന്വേഷണ ഏജൻസികൾ എന്നിവയിൽ നടന്ന നുഴഞ്ഞുകയറ്റം പോലെത്തന്നെയായിരുന്നു ഇതും. ഇതിന്നെല്ലാമപ്പുറം ചില പത്രാധിപന്മാരേയും സീനിയർ ജർണലിസ്റ്റുകളേയും ഇവർ വിലയ്ക്കുവാങ്ങിയിട്ടുമുണ്ട്. ഇന്ത്യൻ മാധ്യമങ്ങളുടെ പ്രൊഫഷണൽ നിലവാരം ഭയങ്കരമാംവണ്ണം അധ:പതിച്ചിരിക്കുന്നു. 1970കളിലും 1980കളിലും നമ്മുടെ മാധ്യമങ്ങൾക്ക് സമൂഹത്തിൽ പരിവർത്തനമുണ്ടാക്കാൻ സാധിച്ചിരുന്നു. നമ്മുടെ ജർണലിസ്റ്റുകൾക്ക് ഗവർമ്മേണ്ടിന്റേയും രാഷ്ട്രീയക്കാരുടേയും അധികാര പ്രയോഗങ്ങളെ നട്ടെല്ലു നിവർത്തിനിന്ന് നേരിടാൻ കഴിഞ്ഞിരുന്നു. ഇന്നു ജർണലിസ്റ്റുകൾ തനി മടിയന്മാരായിത്തീർന്നിരിക്കുകയാണ്. പുറത്തിറങ്ങി ഒന്നന്വേഷിക്കാൻപോലും അവർ തയ്യാറല്ല. വിഷമം പിടിച്ച പണിയൊന്നും അവർ എൽക്കില്ല. സർക്കാർ ഏജൻസികളോ നിക്ഷിപ്ത താല്പര്യക്കാരോ പറയുന്നത് എഴുതിവിടുന്നതിന്നപ്പുറം അവരൊന്നും ചെയ്യുന്നില്ല.

ബംഗാളിലേയും മധ്യേന്ത്യൻ സംസ്ഥാനങ്ങളിലേയും മാവോയിസ്റ്റ് അക്രമങ്ങളെക്കുറിച്ച് ഗവർമ്മേണ്ട് പറയുന്നതെല്ലാം തൊണ്ട തൊടാതെ വിഴുങ്ങുകയാണ് പത്രങ്ങൾ ചെയ്യുന്നത്. മാവോയിസ്റ്റുകൾ ആധിപത്യം സ്ഥാപിച്ചിരിക്കുന്നുവെന്നു പറയുന്ന പ്രദേശങ്ങളിൽചെന്ന് ഒന്നന്വേഷിക്കാൻ അപൂർവ്വം ചില പത്രക്കാരേ തയ്യാറായിട്ടുള്ളൂ. ഈ ഗോത്രവർഗ്ഗക്കാരെ മാവോയിസ്റ്റ് പക്ഷത്ത് എത്തിച്ച സാമ്പത്തിക-സാമൂഹ്യ ഘടകങ്ങൾ എന്തെല്ലാമാണെന്ന് ഏതെങ്കിലും പത്രക്കാരൻ അന്വേഷിക്കുന്നുണ്ടോ? സാൽവജൂഡൂമിന്റെ പേരിൽ നിർദ്ദോഷികളായ ആദിവാസികൾക്കെതിരെ നടന്നുവരുന്ന ഭീകരമായ അതിക്രമങ്ങൾ തുറന്നുകാണിക്കുന്നതിൽ പത്രക്കാർ പാടെ പരാജയപ്പെട്ടിരിക്കുകയാണ്.

ഇന്ത്യയിലെ വർഗ്ഗീയ ചേരിതിരിവുകൾ വർധിച്ചുവരുന്നത് സ്വാഭാവികമൊന്നുമല്ല. ബോധപൂർവ്വം ദീർഘകാല ലക്ഷ്യത്തോടെ വളർത്തുന്നതാണ് അത്. കൊച്ചു കുട്ടികളുടെ മനസ്സിൽ വിഷം കയറ്റാനായി സ്കൂൾ കരിക്കുലം വർഗ്ഗീയ പാഠങ്ങൾകൊണ്ട് നിറച്ചിരിക്കുന്നു. സ്കൂളുകളിൽ പഠിപ്പിക്കുന്ന ചരിത്രങ്ങളും സാമൂഹ്യ പാഠങ്ങളും വികലമാക്കപ്പെട്ടവയാണ്. ന്യൂനപക്ഷക്കാർക്കെതിരെ വിദ്വേഷം വളർത്തുന്നവയാണവ. ഇത് ഏറ്റവും വ്യക്തമായി കാണുന്നത് ഗുജറാത്തിലാണ്. ❑

# മാവോയിസ്റ്റാണെന്നുപറഞ്ഞാൽ ആരേയും പിടിക്കാം

**1**950-54 കാലഘട്ടത്തിൽ അമേരിക്കയിൽ സെനറ്റർ മക്കാർത്തി നടത്തിയ കമ്മ്യൂണിസ്റ്റ് വിരുദ്ധ സമരം പ്രസിദ്ധമാണ്. തനിക്കിഷ്ടമില്ലാത്തവരെയെല്ലാം കമ്മ്യൂണിസ്റ്റാണെന്ന് മുദ്രയടിച്ചു വിടലായിരുന്നു അദ്ദേഹത്തിന്റെ വിനോദം. മക്കാർത്തിയുടെ വേട്ടക്കിരയായി ഉദ്യോഗം നഷ്ടപ്പെട്ട ഒട്ടേറെ പേർ അമേരിക്കയിലുണ്ട്.

ഇന്ത്യയിലും അതേ രീതിയിലുള്ള ഒരു വേട്ട ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇവിടെ മക്കാർത്തിമാർ ഒന്നല്ല, ആയിരക്കണക്കിനുണ്ട്. ഏതു പോലീസുകാരന്നും ആരെ വേണമെങ്കിലും മാവോയിസ്റ്റാണെന്ന് മുദ്രയടിച്ച് അറസ്റ്റ് ചെയ്യാമെന്നതാണ് സ്ഥിതി. ഡോ. വിനായകസെൻ അങ്ങനെ രണ്ടു കൊല്ലം ജയിലിൽ കിടന്നതാണല്ലൊ. അത്രതന്നെ പ്രസിദ്ധരല്ലാത്ത അനേകം പേർ വേറെയുണ്ട്.

ദൽഹിയിലെ ഒരു പരിപാടി കഴിഞ്ഞ സീമ ആസാദ് ഭർത്താവിനോടൊപ്പം അല്ലാഹാബാദിൽ എത്തിയതായിരുന്നു. റെയിൽവേ സ്റ്റേഷനിൽവച്ചുതന്നെ രണ്ടുപേരേയും പോലീസ് അറസ്റ്റ് ചെയ്തു. നിരോധിക്കപ്പെട്ട മാവോയിസ്റ്റ് സംഘടനയിലെ അംഗങ്ങളാണ് ഇവരെന്ന് പോലീസ് പറയുന്നു.

സീമ പി.യു.സി.എൽ.ന്റെ ഓർഗനൈസിങ് സെക്രട്ടറിയും മനുഷ്യാവകാശ പ്രവർത്തകയുമാണ്. ഖനി തൊഴിലാളികൾക്കെതിരെ നടക്കുന്ന അതിക്രമങ്ങൾക്കും മനുഷ്യാവകാശ ധ്വംസനങ്ങൾക്കും എതിരായി സീമ ശബ്ദമുയർത്തിവരുന്നതാണ് ഈ അറസ്റ്റിന്ന് കാരണമെന്നു പറയുന്നു. സോനെ ഭദ്ര ജില്ലയിൽ കമലേശ് ചൗധരി എന്നൊരാളെ നക്ഷലാണെന്ന് പറഞ്ഞ് വെടിവെച്ചു കൊന്നതിന്നെതിരായി സീമ "ദസ്തക്" എന്ന തന്റെ മാസികയിൽ എഴുതിയിരുന്നു. അതാണ് പോലീസിനെ പ്രകോപിപ്പിച്ചതെന്നു കരുതപ്പെടുന്നു.

ഇൻക്വിലാബി ഛത്രമഞ്ച് എന്ന സംഘടനയിൽപെട്ട ആശ എന്ന യുവതിയെ ഇതേ കുറ്റം ചുമത്തി അറസ്റ്റ് ചെയ്തിട്ടുണ്ട്. പോലീസ് മനുഷ്യാവകാശ ധ്വംസനങ്ങൾ നടത്തുന്നതിൽ പ്രതിഷേധിച്ചുകൊണ്ട് പി.യു.സി.എൽ. പ്രവർത്തകർ അല്ലാഹാബാദിലും ലഖ്നൗവിലും പ്രകടനം നടത്തി. ❑

# ഗോത്രവർഗ്ഗക്കാരെ വേട്ടയാടുന്ന പോലീസും പട്ടാളവും

**- അമൻ സേഥി -**

മധ്യേന്ത്യയിൽ ഒരു സൈനിക നടപടി നടന്നുവരുന്നുണ്ട്. എന്നാൽ എന്താണവിടെ നടക്കുന്നതെന്ന് ആർക്കും അറിയില്ല. പലരും പലതും പറയുന്നു. പത്രങ്ങൾ കെട്ടിച്ചമച്ച കഥയാണിതെന്ന് ചിലർ. ഗോത്രവർഗ്ഗക്കാരുടെ ഹൃദയത്തേയും മനസ്സിനേയും കീഴടക്കാനുള്ള ഉദ്യമമാണിതെന്ന് വേറെ ചിലർ പറയുന്നു. ഛത്തിസ് ഗഢ്, ഝാർഖണ്ഡ്, ആന്ധ്ര, മഹാരാഷ്ട്രം എന്നിവയുടെ അതിർത്തി പ്രദേശങ്ങളിലെ തീവ്രവാദികൾക്കെതിരെ വിവിധ സംസ്ഥാന പോലീസുകളും അർദ്ധസൈനിക വിഭാഗങ്ങളും സംയുക്തമായി നടത്തുന്നൊരു വേട്ടയാണിതെന്ന് മറ്റുചിലർ പറയുന്നു. ഓപ്പറേഷൻ ഗ്രീൻഹണ്ട് എന്നാണിതിന്റെ പേര്.

ഓപ്പറേഷൻ ഗ്രീൻഹണ്ടിന്ന് നിങ്ങൾ നൽകുന്ന നിർവ്വചനമനുസരിച്ച് അതിന്റെ സ്വഭാവവും മാറും. 2009 ജൂലായിയിലാണ് ഇതാരംഭിച്ചതെന്ന് ചിലർ പറയുമ്പോൾ മറ്റു ചിലർ അത് 2009 സെപ്തംബറിലാണ് ആരംഭിച്ചതെന്ന് പറയുന്നു. ഇതു രണ്ടുമല്ല, 2009 നവമ്പറിലായിരുന്നു ആരംഭമെന്നു പറയുന്നവരുമുണ്ട്. ഛത്തിസ് ഗഢിലെ ഒരു ഉയർന്ന ഉദ്യോഗസ്ഥൻ പറയുന്നത് കഴിഞ്ഞ ജൂലായിയിലാണ് വേട്ട ആരംഭിച്ചതെന്നാണ്. മൂന്നു ദിവസം നീണ്ടുനിന്ന വമ്പിച്ചൊരു വേട്ട നടന്നതായി സെപ്തംബറിൽ പത്രങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. ഛത്തിസ് ഗഢിന്റെ തെക്കെ അറ്റത്തെ ജില്ലയായ ദന്തെവാദെയിലായിരുന്നു ഇത്.

കഴിഞ്ഞ നവമ്പറായപ്പോഴേക്കും ഈ വേട്ട പരസ്യമായി. സംസ്ഥാന പോലീസും സി.ആർ.പി.യിലെ ഉഗ്രന്മാരടങ്ങിയ "കോബ്ര" വിഭാഗവും ചേർന്ന് സംയുക്തമായി നടത്തുന്ന വേട്ടയെക്കുറിച്ച് പത്രങ്ങളിൽ നിത്യേനയെന്നോണം വാർത്ത പ്രത്യക്ഷപ്പെട്ടു തുടങ്ങി. അപ്പോഴാണ് കേന്ദ്ര ആഭ്യന്തരകാര്യ മന്ത്രി പി. ചിദംബരം ഇടപെടുന്നത്. പത്രങ്ങളിൽ കാണുന്നതൊക്കെ വെറും കെട്ടുകഥകളാണെന്ന് അദ്ദേഹം പറഞ്ഞു. ഡിസംബർ 25 മുതൽ ഛത്തിസ് ഗഢിലും മഹാരാഷ്ട്രത്തിലും നടന്നത് വെറും "പോലീസ് വാരം" ആചരിക്കലാണെന്നും മന്ത്രി പറഞ്ഞു. ഈ നക്ഷൽവേട്ട എളുപ്പത്തിലൊന്നും അവസാനിപ്പിക്കാനാവില്ലെന്ന ബോധോദയം കൊണ്ടാകണം ഇതിന് പോലീസ് വാരം എന്ന് പേരിട്ടത്.

ആദിവാസികളെ വേട്ടയാടാൻ കയറൂരിവിട്ടത് ആരെയെല്ലാമാണെന്ന കാര്യത്തിലും വ്യക്തതയില്ല. സി.ആർ.പി., അതിർത്തി രക്ഷാസേന തുടങ്ങി പല അർദ്ധസൈനിക വിഭാഗങ്ങളും സർക്കാരിന്റെ കീഴിലുണ്ട്. ഇതിന്നു പുറമെ നാടൻ പോലീസുമുണ്ട്. ഇവരിൽ ആരെയെല്ലാമാണ്, എത്ര പേരെയാണ് വേട്ടക്ക് നിയോഗിച്ചിരിക്കുന്നതെന്ന് വ്യക്തമല്ല. ഈ സംയുക്ത സേനയുടെ തലപ്പത്ത് ആരാണ് എന്നും വ്യക്തമാക്കിയിട്ടില്ല. ഈ അനിശ്ചിതത്വങ്ങളെല്ലാം മന:പൂർവ്വം സൃഷ്ടിച്ചവയാണെന്ന് സൈനിക കേന്ദ്രങ്ങൾ സൂചിപ്പിക്കുന്നുണ്ട്. നക്ഷലുകൾക്ക് എതിരാളികളെക്കുറിച്ചുള്ള യഥാർത്ഥ വിവരം കിട്ടുന്നത് തടയാൻ ചെയ്യുന്ന വിദ്യയാണിതെന്ന് സൈനിക വക്താക്കൾ പറയുന്നു.

ഛത്തിസ് ഗഢിലെ 40,000 ചതുരശ്ര കിലോമീറ്റർ വരുന്ന ബസ്താർ മേഖലയിലാണ് വേട്ടയെല്ലാം നടക്കുന്നത്. സി.ആർ.പി.ക്കാരുടെ ഏഴു ബറ്റാലിയനെക്കൂടി പുതുതായി ഈ മേഖലയിലിറക്കിയിട്ടുണ്ടെന്ന് അറിയാൻ കഴിഞ്ഞു. അപ്പോൾ കേന്ദ്ര അർദ്ധസൈനിക വിഭാഗങ്ങളുടെ ഇരുപത് ബറ്റാലിയൻ ബസ്താറിലെത്തിക്കഴിഞ്ഞു. സി.ആർ.പി.ക്കാർക്കു പുറമെ തിബത്തൻ അതിർത്തി രക്ഷാസേന, സാക്ഷാൽ അതിർത്തി രക്ഷാസേന, എസ്.എസ്.എഫ്. എന്നിവരെല്ലാം ഇതിൽ പെടും. ബസ്താറിലെ ആറായിരം പോലീസുകെക്കൂടി കണക്കിൽപെടുത്തുന്നതോടെ ബസ്താർ മേഖലയിൽ വേട്ടക്കിറങ്ങിയിരിക്കുന്നവരുടെ എണ്ണം ഇരുപതിനായിരമാകും.

ബസ്താർ ബ്രിട്ടീഷ് ഭരണകാലത്തുതന്നെ ഒരു ആദിവാസി രാജ്യമായിരുന്നു. ഇന്ത്യ സ്വാതന്ത്ര്യം നേടിയ ശേഷവും ഇവർ ഇന്ത്യയിൽ ചേരാൻ കൂട്ടാക്കിയില്ല. അവസാനം സൈനിക നടപടിയിലൂടെ രാജാവിനെ വധിക്കുകയും അദ്ദേഹത്തിന്റെ കൊട്ടാരം തകർത്തുകളയുകയുമാണുണ്ടായത്. പക്ഷെ ആദിവാസികൾ വഴങ്ങിയിട്ടില്ല. പിന്നീട് അവിടെ ഭിലായ് ഉരുക്കു നിർമ്മാണ ശാലയും അനേകം അനുബന്ധ വ്യവസായങ്ങളും വന്നു. കള്ളും കഞ്ചാവും നൽകി മയക്കിയെടുത്ത ആദിവാസികളെ നിസ്സാര കൂലിക്ക് പണിയെടുപ്പിക്കാറുണ്ടായിരുന്നു. ഈ തൊഴിലാളികളെ കള്ളിൽനിന്നും കഞ്ചാവിൽനിന്നും മോചിപ്പിക്കാൻ ശ്രമിച്ച ട്രേഡ് യൂണിയൻ നേതാക്കളെ മുതലാളിമാർ ഗുണ്ടകളെവിട്ട് കൊല്ലുകയായിരുന്നു പതിവ്. അതിൽ ഏറ്റവും പ്രസിദ്ധനാണ് 50,000 തൊഴിലാളികളെ സംഘടിപ്പിച്ചതിന്ന് വധിക്കപ്പെട്ട ശങ്കർ ഗുഹനിയോഗി.

റോഡുകൾ സുരക്ഷിതമാക്കുക എന്നതാണ് രക്ഷാസൈന്യത്തിന്റെ പ്രഥമ കർത്തവ്യമെന്ന് ബസ്താർ പോലീസ് ഐ.ജി. ടി.ജെ. ലോങ്കുമാർ പറയുന്നു. കാരണം, രക്ഷാസേനക്കു സംഭവിക്കുന്ന ആളപായത്തിൽ ഏതാണ്ട് തൊണ്ണൂറ്റഞ്ചു ശതമാനവും റോഡുകളിൽ വച്ചാണുണ്ടാകുന്നത്. റോഡുകൾ സുരക്ഷിതമാക്കുന്ന പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞുവെന്നും നക്ഷലുകളുടെ ഒളിയാക്രമണം ഉണ്ടാകാവുന്ന മേഖലകൾ കണ്ടെത്തിക്കഴിഞ്ഞുവെന്നും അദ്ദേഹം പറഞ്ഞു. പക്ഷെ ഇതിന്നപ്പുറമുള്ള പണിയാണ് വിവാദ വിഷയമാകുന്നത്. ഇനി ഓരോ ഗ്രാമവും കയ്യേറി പരിശോധിക്കുകയാണ് ചെയ്യുക. നക്ഷലുകൾ ഒളിച്ചിരിക്കുന്നുണ്ടെന്ന് രഹസ്യവിവരം ലഭിക്കുന്ന ഗ്രാമങ്ങളിലേ പരിശോധന നടത്തുന്നുള്ളൂവെന്നും, സാധാരണക്കാർക്ക് ആളപായമുണ്ടാകാതിരിക്കാൻ പരമാവധി ശ്രദ്ധിക്കുന്നുണ്ടെന്നും ഐ.ജി. പറയുന്നു. എന്നാൽ ഐ.ജി. പറയുന്നതുപോലെയൊന്നുമല്ല കാര്യങ്ങൾ നടക്കുന്നതെന്ന് ഗ്രാമീണർ പറയുന്നു.

നക്ഷലുകളുടെ നിയന്ത്രണത്തിലുള്ള ഗ്രാമങ്ങളുടെ "ഭരണ"ത്തിന്നായി അവർ തദ്ദേശീയരുടെ "സംഘ"ങ്ങൾ രൂപീകരിക്കാറുണ്ട്. പോലീസ് ഈ സംഘങ്ങളെ

യാണ് വേട്ടയാടുന്നത്. 2009ൽ തങ്ങൾ 499 സംഘാംഗങ്ങളെ അറസ്റ്റ് ചെയ്ത തായി പോലീസ് പറയുന്നു. 2007ൽ അറസ്റ്റ് ചെയ്തത് 214 പേരെയായി രുന്നു. സംഘാംഗങ്ങൾ നക്ഷൽ അനുഭാവികളായിരിക്കും, എന്നാൽ ഇവർ സായുധരാകണമെന്നില്ല.

2009ൽ 113 നക്ഷലുകൾ കൊല്ലപ്പെ ട്ടതായി പോലീസ് പറയുന്നു. 2008ൽ 66 പേരാണ് കൊല്ലപ്പെട്ടിരുന്നത്. നക്ഷൽ അക്രമം മൂലം 2008ൽ 143 പേർ കൊല്ലപ്പെട്ട സ്ഥാനത്ത് 2009ൽ 116 പേരേ കൊല്ലപ്പെടുകയുണ്ടായു ള്ളൂ. പോലീസ് കൊന്ന സാധാരണ ക്കാരുടെ വിവരം ലഭ്യമല്ല. സർക്കാർ കണക്കിൽ അങ്ങനെയൊന്നില്ല. വാസ്തവത്തിൽ പോലീസ് വെടിവെ പ്പിൽ കൊല്ലപ്പെട്ടവരെയെല്ലാം "നക്ഷൽ" എന്ന മുദ്രയടിച്ചു തള്ളുന്ന തിന്റെ ഫലമാണിത്. ഇതിനെച്ചൊല്ലി സുപ്രീം കോടതിയിൽ സമർപ്പിക്ക പ്പെട്ട രണ്ടു ഹരജികൾ മൂന്നുകൊല്ല മായി അവിടെ കെട്ടിക്കിടപ്പാണ്.

2005നുശേഷം കൊന്ന വരെപ്പറ്റിയും ബലാത്സംഗത്തിന്നിര യായവരെപ്പറ്റിയും ഒരന്വേഷണം നട ത്തണമെന്നാണ് സുപ്രീം കോടതിയി ലുള്ള ഹരജികളിൽ ആവശ്യപ്പെടു ന്നത്. കൊല്ലപ്പെട്ട അഞ്ഞൂറിൽപരം പേരുടെ ഒരു ലിസ്റ്റ് മനുഷ്യാവകാശ സംഘടനകൾ സുപ്രീം കോടതി യിൽ സമർപ്പിച്ചിട്ടുണ്ട്. പോലീസിന്റെ കണക്കുകൾ പൂർവ്വാപര വൈരുദ്ധ്യം നിറഞ്ഞവയാണ്. പോലീസ് വെടിവെ പ്പിൽ കൊല്ലപ്പെട്ടവരുടെ എണ്ണം പോലും മുമ്പ് എഴുതിവയ്ക്കാറില്ല. ഇപ്പോൾ പോലീസിന്റെ തോക്കിന്നി രയാകുന്നവരെയെല്ലാം "നക്ഷൽ" എന്ന വകുപ്പിൽ എഴുതി തള്ളുക യാണ് ചെയ്യുന്നത്.

സുപ്രീം കോടതി നിർദ്ദേശിച്ചതനു സരിച്ച് ദേശീയ മനുഷ്യാവകാശ കമ്മീഷൻ ചില വെടിവെപ്പുകളെപ്പറ്റി അന്വേഷണം നടത്തി. കമ്മീഷൻ പറ യുന്നു: സാൽവജൂഡും എന്ന അർദ്ധ ഔദ്യോഗികസേന രൂപീകരിച്ചപ്പോൾ സംഘം അംഗങ്ങളിൽ ചിലർ കൊല്ല പ്പെട്ടിട്ടുണ്ട്. എന്നാൽ ഇവർക്കെതിരെ ക്രിമിനൽ കേസെടുത്തിട്ടില്ല. കൊല പാതകം പോലുള്ള ചില കേസുക ളിൽ സാൽവജൂഡുമിൽ പെട്ടവർക്കെ തിരെ നടപടിയെടുത്തിട്ടുണ്ടെങ്കിലും നിർദ്ദോഷികളായ ജനങ്ങൾക്കെതിരെ നടത്തിയ അക്രമങ്ങളിൽ കേസെടു ത്തിട്ടില്ല.

ദേശീയ മനുഷ്യാവകാശ കമ്മീ ഷൻ ഈ റിപ്പോർട്ട് സമർപ്പിച്ചപ്പോൾ കൊല്ലമൊന്നു കഴിഞ്ഞുവെങ്കിലും കേസ് പരിഗണിക്കാൻ സുപ്രീം കോടതിക്ക് ഇനിയും സൗകര്യമുണ്ടാ യിട്ടില്ല. സുപ്രീം കോടതി ഇതുംവച്ച് കിടന്നുറങ്ങുമ്പോൾ ഛത്തിസ് ഗഡിൽ പോലീസ് കണ്ണിൽ കണ്ടവ രെയെല്ലാം വെടിവച്ചു കൊല്ലുന്നു.

ഗച്ചൻപള്ളി, ഗോംപാദ് എന്നീ രണ്ടു ഗ്രാമങ്ങളിലായി പോലീസ് 12 പേരെ വെടിവച്ചുകൊന്നതു സംബ ന്ധിച്ച് സുപ്രീം കോടതിയിൽ സമർപ്പിക്കപ്പെട്ട ഒരു ഹരജിയും ഒരു കൊല്ലമായി പോടിപിടിച്ചു കിടപ്പാണ്. സുപ്രീം കോടതിയിൽ അപേക്ഷ സമർപ്പിച്ച 136 പേരിൽ 4 പേർ പോലീസ് കസ്റ്റഡിയിലാണ്. നക്ഷലു കൾ കൊന്നുകളയാതിരിക്കാൻ തങ്ങൾ ഇവരെ സംരക്ഷിച്ചു വരിക യാണെന്ന് പോലീസ് പറയുന്നു. ഇവ രിലാരും പോലീസിന്റെ സംരക്ഷണം ആവശ്യപ്പെട്ടിട്ടില്ല. ഇവർ കോടതി യിൽ ഹാജരാകുന്നത് തട യാൻവേണ്ടി പോലീസ് ഇവരെ റാഞ്ചുകയാണുണ്ടായത്. ❏

# പഴങ്കഥയായിത്തീർന്ന മുസ്ലീം വിവാഹമോചന നിയമം

- ഫ്ളേവിയ ആഗ്നസ് -

മുസ്ലീം വിവാഹമോചന നിയമ ത്തിന് കോടതികൾ നൽകിയ പുതുമ യുള്ള വ്യാഖ്യാനങ്ങളുടെ ഫലമായി മുസ്ലീം സ്ത്രീകളുടെ സ്ഥിതി ഇപ്പോൾ വളരെ മെച്ചപ്പെട്ടിട്ടുണ്ട്. മുസ്ലീം വനിത കളുടെ അവകാശങ്ങളെ ശക്തിപ്പെടു ത്താൻ ഉതകുന്നവയാണ് ഈ വിധി കൾ. എന്നാൽ നിർഭാഗ്യകരമെന്നു പറ യട്ടെ, ഇവയ്ക്ക് വേണ്ടത്ര പ്രസിദ്ധീക രണം ലഭിച്ചിട്ടില്ല. തന്മൂലം പല മുസ്ലീം സ്ത്രീകളും ദുരിതം പേറി കഴിയുന്നു. യാഥാസ്ഥിതികരായ മുസ്ലീം മതാചാര്യ ന്മാർ, മാത്രമല്ല കാലഗതി അറിയാതെ കഴിയുന്നത്. മുസ്ലീം പണ്ഡിതന്മാർ, പുരോഗമനവാദികളായ മുസ്ലീംബുദ്ധി ജീവികൾ, സർക്കാരേതര സംഘടനക ളിലെ പ്രവർത്തകന്മാർ എന്നിവരും ചില പ്പോൾ വക്കീൽമാരും ജഡ്ജി മാർപോലും പുതിയ സംഭവവികാസങ്ങ ളിൽ അജ്ഞരായി കഴിയുന്നവരാണ്.

1985ലെ ഷാബാനോ കേസിൽനിന്നാ ണല്ലോ തുടക്കം. ഇതിനെത്തുടർന്നു ണ്ടായ ബഹളംമൂലം ഗവർമ്മേണ്ട് 1986ൽ ഒരു മുസ്ലീം വിവാഹമോചന നിയമം പാസാക്കി. മുസ്ലീം സ്ത്രീകൾക്ക് സംരക്ഷണ ചെലവി നുള്ള അവകാശം നഷ്ടപ്പെട്ടുവെന്ന പ്രതീതിയാണ് ഈ നിയമം ഉണ്ടാക്കി യത്. ആകെയുണ്ടായിരുന്ന ഒരു പോംവഴി ഈ നിയമത്തിന്നെതിരെ ഒരു റിട്ട് ഹർജി സമർപ്പിക്കലായിരുന്നു. ദേശീയ വനിതാ കമ്മീഷനും നാനാവിധ സന്നദ്ധ സംഘടനകളും ഉൾപ്പെടെ പതിനഞ്ചുപേർ ഈ നിയമത്തിന്നെതി രായി സുപ്രീംകോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. വിവാദം സൃഷ്ടിച്ച ഷാബാനോ കേസിൽ ഷാബാനോ ബീഗത്തിന്നുവേണ്ടി വാദിച്ച ഡാനിയൽ ലത്തീഫിയുടേതായിരുന്നു ആദ്യത്തെ ഹർജി.

പതിവനുസരിച്ച് റിട്ട് ഹർജികളെല്ലാം സുപ്രീംകോടതിയിൽ കെട്ടികിടന്നു. അവസാനം ഹർജികൾ വിചാരണക്കു വന്നപ്പോഴേക്കും ഷാബാനോ ബീഗ ത്തിന്റെ വക്കീലായ ഡാനിയൽ ലത്തീ ഫി നിര്യാതനായിരുന്നു. സുപ്രീംകോ ടതിയിൽ കേസുകൾ കെട്ടിക്കുന്ന സമ യത്ത് കീഴ്കോടതികളിൽ പല കേസു കളും വിചാരണക്കുവന്നിരുന്നു; ചില ഹൈക്കോടതികളിലുണ്ടായ വിധികളെ മുൻഭർത്താക്കന്മാർ സുപ്രീംകോടതി യിൽ ചോദ്യം ചെയ്തു. ഭർത്താക്ക ന്മാരെ ബാധ്യതകളിൽനിന്നെല്ലാം വിമു ക്തമാക്കുന്ന ഒരു നിയമത്തിന്നെതിരെ ഭർത്താക്കന്മാർതന്നെ അപ്പീൽ കൊടു ത്തതാണ് ഇതിലെ അത്ഭുതകരമായ വശം.

ഒരുപക്ഷെ വാദികളുടേയും പ്രതിക ളുടേയും ശ്രദ്ധയിൽ പെടാതെ കിടന്നി രുന്ന ഒരു വകുപ്പിന്ന് ഹൈക്കോടതി കൾ പ്രാധാന്യം കൽപിച്ചതാകാം ഇതിന്നു കാരണം. മുസ്ലീം വിവാഹമോ ചന നിയമത്തിലെ 3(1)എ വകുപ്പാണ് പുലിവാലായിത്തീർന്നത്. വിവാഹമോ ചനം നടത്തി പുറത്തെറിയപ്പെട്ട ഭാര്യക്ക് "ന്യായമായ നീതിപൂർവ്വമായ ജീവിതം നയിക്കാനുള്ള വക മുൻഭർത്താവ് ഒറ്റത്തവണയായി കയ്യോടെ നൽകണം" എന്നാണ് ഈ വകുപ്പിൽ പറയുന്നത്. നിയമത്തിലെ ഈ വകുപ്പിനെ നിയമത്തിന്റെ ആമുഖ വുമായി ചേർത്തുവായിക്കണം. വിവാ ഹമോചനത്തിന്ന് വിധേയരാകുന്ന മുസ്ലീം സ്ത്രീകളുടെ അവകാശങ്ങൾ

സംരക്ഷിക്കാനുള്ളതാണ് ഈ നിയമ മെന്ന് ആമുഖത്തിൽ പറയുന്നുണ്ട്.

ഗുജറാത്തിലേയും കേരളത്തിലേയും ഹൈക്കോടതികളിലാണ് ആദ്യത്തെ രണ്ടു വിധികളുണ്ടായത്. മുസ്ലീം സ്ത്രീകളുടെ അവകാശങ്ങൾ സംരക്ഷി ക്കുന്നതിന്നുള്ളതാണ് ഈ നിയമമെന്ന് രണ്ട് ഹൈക്കോടതികളും വിധിച്ചു. നിയമത്തിലെ ഏതെങ്കിലും വകുപ്പിൽ ദുർഗ്രഹതയുണ്ടെങ്കിൽ, ആമുഖത്തിലെ ഈ വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ വ്യാഖ്യാനിക്കേണ്ടതുണ്ടെന്നും കോടതി കൾ വിധിച്ചു. ഒരു സ്ത്രീയെ വിവാഹ മോചനം നടത്തി ദാരിദ്ര്യത്തിലേക്ക് തള്ളിയിടുന്നത് മുസ്ലീം സ്ത്രീകളുടെ സംരക്ഷണമാകില്ലെന്ന് കോടതികൾ ഓർമ്മിപ്പിച്ചു.

മുസ്ലീം വിവാഹമോചന നിയമം പാസാക്കി ഒന്നരകൊല്ലം കഴിയുന്നതി ന്നുമുമ്പ് 1988 ഫെബ്രുവരി 18ന്നാണ് ഗുജറാത്ത് ഹൈക്കോടതിയിലെ വിധി യുണ്ടായത്. എന്നാൽ ഇതിന്നുമുമ്പ് 1988 ജനുവരി 6ന്നുതന്നെ ലഖ്നൗവിലെ ഒരു വനിത ജൂഡീഷ്യൽ മജിസ്ട്രേട്ട് മുസ്ലീം സ്ത്രീകൾക്കനുകൂലമായ വിധി പറഞ്ഞിരുന്നു. ഫാത്തിമ സർദാർ എന്നൊരു മുസ്ലീം വനിതയുടെ കേസി ലാണ് ഈ വിധിയുണ്ടായത്. ന്യായമായ നീതിപൂർവ്വമായ സംരക്ഷണ ചെല വായി 85,000ക നൽകാൻ മജിസ്ട്രേട്ട് കൽപ്പിച്ചു.

ഗുജറാത്ത് ഹൈക്കോടതിയിൽ ജസ്റ്റീസ് എം.ബി.ഷാ. ന്യായമായ, നീതി പൂർവ്വമായ സംരക്ഷണച്ചെലവിന് വ്യാഖ്യാനം നൽകി. വിവാഹമോചിത യായ സ്ത്രീയുടെ ആവശ്യങ്ങൾ, വൈവാഹിക ജീവിതകാലത്ത് അവർ നയിച്ചിരുന്ന ജീവിതത്തിന്റെ നിലവാരം, മുൻഭർത്താവിന്റെ സാമ്പത്തികശേഷി. എന്നിവ നോക്കിയാണ് ന്യായമായ നീതി പൂർവ്വമായ സംരക്ഷണ ചെലവ് നിശ്ച യിക്കേണ്ടത് എന്ന് അദ്ദേഹം പറഞ്ഞു. വിവാഹമോചിതയായ സ്ത്രീയുടെ താമസസൗകര്യം, വസ്ത്രങ്ങൾ, ഭക്ഷ ണം, എന്നിവയെല്ലാം കണക്കിൽ ഉൾപ്പെടുത്തേണ്ടതുണ്ടെന്നു ജ: ഷാ വിധിച്ചു.

അതേ വർഷംതന്നെ കേരള ഹൈക്കോടതിയും ഇത് ആവർത്തിച്ചു റപ്പിച്ചു. അലി-സുഹൈറ കേസ്, അലി യാർ-പാത്തു കേസ് എന്നിവയിലും 1990ൽ അഹമ്മദ്-ഐഷ കേസിലും ഇതേവിധിയുണ്ടായി. 1995 ൽ കേരള ഹൈക്കോടതിയുടെ ഒരു ഡിവിഷൻ ബഞ്ച് ഈ വ്യവസ്ഥ ഒന്നുകൂടി വിപു ലമാക്കി. വിവാഹമോചിതരായ സ്ത്രീകൾക്ക് പണമായിതന്നെ സംര ക്ഷണച്ചെലവ് നൽകണമെന്നില്ലെന്നും, വരുമാനമുണ്ടാകുന്ന സ്വത്തുവകക ളായും അത് നൽകാമന്നും കൊടതി കല്പിച്ചു.

2000-ാമാണ്ടിൽ ബോംബെ ഹൈക്കോ ടതിയുടെ ഒരു ഫുൾബഞ്ച് ഈ സംര ക്ഷണ വ്യവസ്ഥ വിശദീകരിച്ചു. നിയമ ത്തിൽ പറയുന്ന "സംരക്ഷണം" മുസ്ലീം സമുദായത്തിന്റെ ആചാരത്തിൽപെട്ട "മെഹർ" (ഭർത്താവ് ഭാര്യക്ക് നൽകുന്ന സമ്മാനം) അല്ലെന്നും, വിവാഹമോചി തയായ സ്ത്രീക്കുള്ള ന്യായമായ നീതി പൂർവ്വമായ സംരക്ഷണ ചെലവ് ഒന്നിച്ച് ഒറ്റയടിക്കു നൽകാൻ മുൻ ഭർത്താവിന്ന് കഴിവില്ലെങ്കിൽ, അതുപ്രകാരം ഗഡുക്ക ളായി നൽകാൻ മജിസ്രേട്ടിന്ന് കല്പി ക്കാമെന്നും കോടതി വിധിച്ചു.

2001ൽ സുപ്രീംകോടതിയിലെ ഒരു ഭര ണഘടനാ ബഞ്ച് ഈ പ്രശ്നത്തിന്ന് ആത്യന്തികമായി അറുതിവരുത്തി. ഡാനിയൽ ലത്തീഫിയും കേന്ദ്രഗ വർമ്മേണ്ടും തമ്മിലുണ്ടായിരുന്ന കേസാണിത്. മുസ്ലീം വിവാഹമോചന നിയമത്തിന്റെ സാധുത സുപ്രീം കോടതി അംഗീകരിച്ചു. ക്രിമിനൽ നിയ മത്തിലെ 125-ാം വകുപ്പനുസരിച്ച് വിവാ ഹമോചിതയാകുന്ന സ്ത്രീക്ക് പ്രതി മാസം നൽകേണ്ട സംരക്ഷണ ചെല വിന് പകരമുള്ളതാണ് ഈ മുസ്ലീം വിവാഹമോചന നിയമമെന്ന് കോടതി വിധിച്ചു. ഇതനുസരിച്ച് ന്യായമായ നീതിപൂർവ്വമായ സംരക്ഷണ ചെലവ് ഒറ്റത്തവണയായി ഇദ്ദത് കാലഘട്ട ത്തിൽ തന്നെ നൽകണം. മുൻഭർത്താവ് അതു നൽകാത്തപക്ഷം വിവാഹമോചി തയായ സ്ത്രീക്ക് മജിസ്ട്രട്ടിനെ സമീ പിക്കാൻ അവകാശമുണ്ട്.

കൗതുകകരമെന്നു പറയട്ടെ, നീണ്ടു പിടിച്ച ഈ കോടതി യുദ്ധങ്ങൾമൂലം നിയമത്തെ എതിർത്ത മുസ്ലീം യാഥാ സ്ഥിതികരും അതുപോലെത്തന്നെ മതേതരവാദികളും തോറ്റു-ജയിച്ചത് മുസ്ലീം സ്ത്രീകളാണ്. വിവാഹമോചി തയായ മുസ്ലീം സ്ത്രീക്ക് തന്റെ ധനപ രമായ ആവശ്യങ്ങൾ നിർണയിക്കാനും അതിനനുസരിച്ചുള്ള സംഖ്യ ഇദ്ദത് കാലഘട്ടം അവസാനിക്കുന്നതിന്നുമുമ്പ് കയ്യോടെ വാങ്ങാനുള്ള അവകാശം ഈ നിയമം മൂലം കൈവന്നു. ഇതര സമുദായങ്ങളിൽ പെട്ട സ്ത്രികൾക്കൊ ന്നുമില്ലാത്ത ഒരവകാശമാണിത്.

മുസ്ലീം വനിതാ സംരക്ഷണ കാര്യ ത്തിലെന്നപോലെ "തലാഖ്" നിയമവി രുദ്ധമാക്കിക്കൊണ്ടും പലവിധികളുമു ണ്ടായിട്ടുണ്ട്. സാധാരണക്കാർക്കെന്നല്ല, നിയമജ്ഞൻമാർക്കും ജഡ്ജിമാർക്കു പോലും ഈ വിധികളെപ്പറ്റി അറിയില്ലെ ന്നതാണ് കഷ്ടം.

ഈ കേസ് പരമ്പരയിൽ പ്രധാനം ഷമിം ആറയും യു.പി. ഗവർമ്മേണ്ടും തമ്മിലുള്ളതാണ്. കേസ് സുപ്രീം കോട തിയിലെത്തിയപ്പോൾ "തലാഖ്" ചൊല്ലി യിട്ടുണ്ടെന്നു പറഞ്ഞാൽ സാധുവാകി ല്ലെന്ന് ഖുറാനിൽ വ്യവസ്ഥ ചെയ്തിരി ക്കുന്നതുപോലെ തലാഖ് ചൊല്ലി യാലെ വിവാഹമോചനമാകൂ എന്നും കോടതി വിധിച്ചു. ഇതനുസരിച്ച് പല ഹൈക്കോടതികളിലും വിധിയുണ്ടായി ട്ടുണ്ട്. 2004ൽ നജ്മുൻബിയും റഹ്മാനും തമ്മിലുള്ള ഒരു കേസിൽ തലാഖ് ചൊല്ലിയതിന് തെളിവ് ഹാജരാക്കണ മെന്ന് ബോംബെ ഹൈക്കോടതി ആവ ശ്യപ്പെട്ടു. ഭർത്താവിന്റ ഇഷ്ടംപോലെ ഭാര്യയെ മൊഴി ചൊല്ലി ഉപേക്ഷിക്കാ നാവില്ല. മൊഴിചൊല്ലുന്നതിന്ന് ന്യായ മായ ഒരു കാരണമുണ്ടാകണം. മുസ്ലീം വ്യക്തിനിയമപ്രകാരം മൊഴിചൊല്ലുന്ന തിന്നു മുമ്പ് അനുരഞ്ജനശ്രമം നടത്ത ണമെന്ന് വ്യവസ്ഥയുണ്ട്. ഭാര്യയുടെ ഭാഗത്തുനിന്നും ഭർത്താവിന്റെ ഭാഗത്തു നിന്നും ഒരോരുത്തരെ പ്രതിനിധിക ളായി നിയോഗിക്കണം. അവർ അനുര ഞ്ജനശ്രമം നടത്തണം എന്ന് ഹൈക്കോടതി ചൂണ്ടിക്കാട്ടി. ഖുറാനിൽ പറയുന്ന ഇത്തരം വ്യവസ്ഥകൾ പാലി ക്കാത്ത തലാഖ് സാധുവല്ലെന്ന് പല ഹൈക്കോടതികളിലും വിധിയുണ്ടായി ട്ടുണ്ട്.

1. വിവാഹമോചനത്തിന്ന് ന്യായമായ ഒരു കാരണം വേണം. ഖുറാനിലെ നിർബ്ബന്ധമാണ് അത്. അതിനാൽ ഭാര്യാ-ഭർത്താക്കന്മാർ തമ്മിൽ ഒരു തർക്കം ഉയർന്നുവരുമ്പോൾ വിവാ ഹമോചനത്തിന്നുള്ള കാരണം കാണിക്കണം.
2. തലാഖ് ചൊല്ലി എന്നതിന്ന് സാക്ഷി കളെ ഹാജരാക്കണം
3. മെഹർസംഖ്യ തിരിച്ചു നൽകി എന്നതിന്ന് തെളിവുവേണം.
4. വിവാഹമോചനത്തിന്നു മുമ്പ് അനു രഞ്ജന ശ്രമം നടത്തി എന്നതിന്ന് ഭർത്താവ് തെളിവ് ഹാജരാക്കണം.

മുസ്ലീം സ്ത്രീകൾക്ക് അനുകൂലമായ ഒട്ടേറെ വിധികൾ സുപ്രീംകോടതി യിലും ഹൈക്കോടതികളിലും ഉണ്ടാ യിട്ടുണ്ടെങ്കിലും കീഴ്കോടതികളിൽ ഇവ ഉപയോഗപ്പെടുത്താത്തപക്ഷം ഇവ കൊണ്ട് പ്രത്യേകിച്ചു ഗുണമൊന്നുമി ല്ലെന്നുവരും. അഭിഭാഷകന്മാർ, വനി താസംഘടനകൾ, സാമൂഹ്യപ്രവർത്ത കർ തുടങ്ങിയവർ ഇതൊക്കെ മനസ്സി ലാക്കിയിരുന്നാലേ പാവപ്പെട്ട മുസ്ലീം സ്ത്രീകൾക്ക് രക്ഷകിട്ടൂ.

(കമ്യൂണലിസം കോംബാറ്റിൽനിന്ന് സംഗ്രഹിച്ചത്) ❑

# കൈഗയിലെ അണുവൈദ്യുതി കേന്ദ്രത്തിലുണ്ടായ അപകടം

**- സുരേന്ദ്ര ഗഡേകർ -**

**ക**ർണാടകത്തിലെ കൈഗ അണുവൈദ്യുതി കേന്ദ്രത്തിൽ ഈയിടെയുണ്ടായ അപകടത്തിൽ 55 പേർക്ക് അണുപ്രസരമേറ്റു. വ്യക്തിപരമായി അവർക്കും അവരുടെ കുടുംബാംഗങ്ങൾക്കും ഇതൊരു ദുരന്തമാണ്. ആപൽക്കരമായ ഈ സാങ്കേതികവിദ്യയെ ആരംഭംമുതൽ എതിർത്തുവന്നിരുന്ന ഞങ്ങളെപ്പോലുള്ളവർക്ക് അപകടത്തിന്നിരയായവരോട് സഹതപിക്കാനേ കഴിയൂ.

ഇന്ത്യയിലെ അണുവൈദ്യുതി കേന്ദ്രങ്ങളിലെ സുരക്ഷിതത്വ നടപടിയെക്കുറിച്ച് പല ചോദ്യങ്ങളും ഉയർത്തുന്ന ഒന്നാണ് ഈ അപകടം. അധികൃതർ നൽകുന്ന വിശദീകരണങ്ങൾ അപര്യാപ്തമാണെന്നല്ല, പലപ്പോഴും തമാശയായി തോന്നുന്നു.

കോൾമാൻ ഹെഡ്‌ലി എന്ന ഭീകരനെ അമേരിക്കയിൽ അറസ്റ്റ് ചെയ്തതിനെത്തുടർന്ന് ഇന്ത്യയിലെ അണുവൈദ്യുതി കേന്ദ്രങ്ങളെല്ലാം "പരമാവധി ജാഗ്രത"യിൽ കഴിയുകയായിരുന്നു എന്നോർക്കണം. അങ്ങനെയിരിക്കെ കൂളറിലെ കുടിവെള്ളത്തിൽ ഒരാൾക്കെങ്ങനെ ട്രൈഷ്യം കലർത്താൻ കഴിയും? അസംതൃപ്തനായ ഒരു തിരുമാലി പറ്റിച്ച പണിയാണിതെന്ന് അധികൃതർ പറയുന്നു. അതുതന്നെ പല ചോദ്യങ്ങളും ഉയർത്തുന്നു.

തന്റെ സഹപ്രവർത്തകർക്കുതന്നെ ആപത്ത് വരുത്തിത്തീർക്കാൻ മടിയില്ലാത്ത ഒരാൾ അകത്തുണ്ടെങ്കിൽ, ജോലിക്ക് ആളുകളെ റിക്രൂട്ട് ചെയ്യുന്നതിൽ അക്ഷന്തവ്യമായ അനാസ്ഥ കാണിച്ചുവെന്നല്ലേ വന്നുചേരുന്നത്.? അതിന്നപ്പുറത്ത് സ്ഥാപനത്തിൽ അസംതൃപ്തരായ ജീവനക്കാരുണ്ടെങ്കിൽ, നാളെ ഇതിനേക്കാൾ ഭയങ്കരമായ വല്ലതും സംഭവിക്കില്ലെന്നതിന്ന് എന്താണുറപ്പ്? ജീവനക്കാരെയെന്നല്ല, ചുറ്റുപാടുമുള്ള ജനങ്ങളേയും നാട്ടിൻപുറങ്ങളേയും അവർ നശിപ്പിക്കില്ലേ? അപകടങ്ങൾ സ്വാഭാവികമായി സംഭവിക്കാം; സ്ഥാപനം പ്രവർത്തിപ്പിക്കുന്നവരുടെ വീഴ്ചകൊണ്ട് അപകടം സംഭവിക്കാം; അതുമല്ലെങ്കിൽ അട്ടിമറി പ്രവർത്തനംകൊണ്ടും അപകടമുണ്ടാകാം. എന്തുകൊണ്ട് സംഭവിച്ചതായാലും ഇതിന്റെ അനന്തരഫലം നൂറ്റാണ്ടുകളോളം അനുഭവിക്കേണ്ടിവരും.

രണ്ടാമത് ഘനജലം ഉല്പാദിപ്പിക്കുക എന്നത് ചെലവേറിയ ഏർപ്പാടാണ്. ഒരു ലിറ്റർ ഘനജലം ഉണ്ടാക്കാൻ ഇരുപതിനായിരം രൂപയെങ്കിലും വേണം. ഇത്രയും വിലയേറിയ ഒരു സാധനം ആർക്കുവേണമെങ്കിലും എടുത്തുകൊണ്ടുപോരാമെങ്കിൽ, ആ സ്ഥാപനത്തിന്റെ നടത്തിപ്പ് തീർത്തും അശ്രദ്ധമാണെന്നു വരുന്നു. അണുറിയാക്ടറിൽ കൂളന്റായോ മോഡറേറ്ററായോ ഉപയോഗിച്ചു കഴിയുമ്പോഴേ ഘനജലം ട്രൈറ്റിയം ആയി മാറുകയുള്ളൂ. ഈ ഘനജലം റിയാക്ടറിന്നകത്തായിരുന്നില്ല എന്നതിൽനിന്ന് അതവിടെ എവിടേയോ സൂക്ഷിച്ചിരിക്കുകയായിരുന്നുവെന്നു വരുന്നു. റിയാക്ടർ സ്ഥിതി ചെയ്യുന്നിടത്ത് ഇത് സൂക്ഷിക്കേണ്ട ഒരു കാര്യവുമില്ല.

കൂളറിലെ കുടിവെള്ളത്തിൽ ട്രൈഷ്യം എത്തിയതെങ്ങനെ എന്നതു സംബന്ധിച്ച ഡോ. കാക്കോദ്കറുടെ വിശദീകരണം തീരെ തൃപ്തികരമല്ല. ട്രൈഷ്യം വയൽകൂളറിൽ ചേർത്തും എന്നൊരു പരാമർശം അതിൽ കാണുന്നുണ്ട്. ഇത് ശരിയാണെങ്കിൽ കാര്യം കൂടുതൽ ആപൽക്കരമാകും. ഘനജലം വിലയേറിയതാണെങ്കിലും ട്രൈഷ്യം ഉല്പാദിപ്പിക്കുന്നതിന്റെ ചെലവിനോട് താരതമ്യപ്പെടുത്തുമ്പോൾ അത് നിസ്സാരമാകും. കനഡയിൽ ഒരു ഗ്രാം ട്രൈഷ്യത്തിന്ന് 30,000 ഡോളർ വരും; അമേരിക്കയിൽ അത് ഒരു ലക്ഷം ഡോളറാണ്. ശുദ്ധീകരിച്ച ട്രൈഷ്യം ഹൈഡ്രജൻ ബോംബ് ഉണ്ടാക്കാനാണ് ആവശ്യമായി വരിക. അണുശക്തി സ്ഥാപനത്തിലെ അസംതൃപ്തനായ ഏതൊരാൾക്കും ഇത് കിട്ടുമെങ്കിൽ നമ്മുടെ സ്ഥിതി അത്യന്തം അപകടകരമായിത്തീരും.

അണുശക്തിസ്ഥാപനത്തിലെ അധികൃതരും ഗവർമ്മേണ്ടും ഒരേ വിധമാണ് പ്രവർത്തിക്കുന്നത്. സകല വിവരങ്ങളും പൂഴ്ത്തിവയ്ക്കുക എന്നതാണ് ഒന്നാമത്തെ പടി. അണുവൈദ്യുതി കേന്ദ്രത്തിൽ അപകടമുണ്ടായത് 2009 നവമ്പർ 25 ന്നായിരുന്നുവെങ്കിലും നവമ്പർ 28ന്നു മാത്രമേ പത്രക്കാർക്ക് വാർത്ത കിട്ടിയുള്ളൂ. ഒട്ടേറെ പേർക്ക് ആസ്പത്രിയിൽ ചികിത്സ വേണ്ടിവന്നതിനാലാണ് നവമ്പർ 28നെങ്കിലും വാർത്ത പുറത്തുവന്നത്. അല്ലെങ്കിൽ എല്ലാം പൂഴ്ത്തിക്കളയുമായിരുന്നു.

പൊതുജനങ്ങൾക്കുള്ള ഭയം ദൂരീകരിക്കുക എന്നതാണ് ടെക്നിക്കിലെ രണ്ടാമത്തെ ഇനം. അണുബാധയേറ്റവരുടെ മൂത്രം പരിശോധിച്ചതിൽ എത്രത്തോളം ട്രൈഷ്യം കണ്ടെത്തി? അധികൃതർ അതു പറയുന്നില്ല. ട്രൈഷ്യത്തിന്റെ ലാഞ്ചന മാത്രമേയുള്ളൂ എന്നാണ് സർക്കാർ പറയുന്നത്. അതു മാത്രമല്ല, എല്ലാവരും ജോലിക്ക് തിരിച്ചെത്തി എന്നും പറയുന്നുണ്ട്. പക്ഷെ സൂക്ഷ്മമായ അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞത് അണുപ്രസരമേറ്റ 55 പേരിൽ 53 പേരെ മാത്രമേ ആസ്പത്രിയിൽനിന്ന് ഡിസ്ച്ചാർജ് ചെയ്തിട്ടുള്ളൂ എന്നാണ്. അപ്പോൾ രണ്ടുപേരെങ്കിലും ഗുരുതരാവസ്ഥയിലാണെന്നുവരുന്നു.

തെറ്റായ വിവരങ്ങൾ നൽകി ആശയക്കുഴപ്പമുണ്ടാക്കുക എന്നതാണ് മൂന്നാമത്തെ ഘട്ടം. എത്ര പേരെ ആസ്പത്രിയിലാക്കി? ഓരോ പത്രവും ഓരോ കണക്കാണ് നൽകുന്നത്. മുപ്പതോളംപേരെ ആസ്പത്രിയിൽ പ്രവേശിപ്പിച്ചുവെന്ന് ഒരു പത്രം പറയുമ്പോൾ മറ്റൊരു പത്രം അമ്പത്തഞ്ചോളം എന്നു പറയുന്നു. അതിന്നും പുറമെ തിരുമാലി ക്ക് എങ്ങനെ ട്രൈഷ്യം വയൽ കിട്ടിയെന്നോ ട്രൈഷ്യേറ്റഡ് ഘനജലം കിട്ടിയെന്നോ ആർക്കും അറിയില്ല.

ട്രൈഷ്യത്തിന്റെ അണപ്രസരമുണ്ടാക്കുന്ന ഭവിഷ്യത്ത് കുറച്ചു കാണിക്കാനാണ് വിദഗ്ദ്ധർപോലും ശ്രമിക്കുന്നത്. അകത്തുചെന്ന ട്രൈഷ്യത്തിന്റെ പകുതി പത്തോ പന്ത്രണ്ടോ ദിവസംകൊണ്ട് വിസർജ്ജിക്കപ്പെടുമെന്നും പറയുന്നുണ്ട്. ട്രൈഷ്യം ഭയങ്കര വിഷമായി ഭവിക്കുന്നതിന്റെ കാരണം രാസപരമായി അത് ഹൈഡ്രജന്നു തുല്യമായതുകൊണ്ടാണ്. അതായത് അത് വെള്ളത്തിന്റെ ഭാഗമായിത്തീരുന്നു. ശരീരത്തിൽ വെള്ളം ചെല്ലുന്നിടത്തെല്ലാം ട്രൈഷ്യം വിഷവുമെത്തും. മനുഷ്യശരീരത്തിന്റെ എഴുപതു ശതമാ

Reg. No.3551/93/L Dis    Registered: KL/CR/TCR/347/2009-2011
Posted at R.M.S., Thrissur-21.    Date of posting: 27-03-2010

നവും വെള്ളമാണെന്നുകൂടി ഓർത്താൽ ഇതിന്റെ ഭവിഷ്യത്ത് വ്യക്തമാകും. രണ്ടാമത് ട്രൈഷ്യം ചിലപ്പോൾ ജൈവമോളിക്യൂളിൽ പറ്റിപ്പിടിക്കും. അങ്ങനെവന്നാൽ അത് വളരെ കാലം ശരീരത്തിൽ നിലനിൽക്കും. മൂന്നാമത് ഇതിന്ന് മറുപിള്ളയെ ഭേദിച്ച് അകത്തു പ്രവേശിക്കാൻ കഴിയും. ശിശുക്കളുടെ വളർച്ചയെ ഇത് ബാധിക്കും.

ഓരോ അപകടമുണ്ടാകുമ്പോഴും അത് വിശദമായി പഠിച്ച് പാഠം ഉൾക്കൊള്ളുന്നുണ്ടെന്നാണ് ശാസ്ത്രജ്ഞന്മാരുടെ സ്ഥിരം പല്ലവി. നിർഭാഗ്യകരമെന്നു പറയട്ടെ, ഇത് വെറും ബഡായിയാണെന്ന് പുതിയ അപകടം തെളിയിക്കുന്നു. 1991 ജൂലായ് 27ന്ന് രാജസ്ഥാനിലെ ഘനജല നിർമ്മാണകേന്ദ്രത്തിൽ ഇതുപോലെ ഒരപകടം സംഭവിച്ചിരുന്നു. അണുശക്തി വകുപ്പിന്റെ ഘനജല നിർമ്മാണ കേന്ദ്രത്തിലെ ഒരു മുറിയിൽ മൂന്നു വീപ്പ ഘനജലം സൂക്ഷിച്ചിരുന്നു. ആ മുറിയൊന്നു വെള്ളയടിച്ച് വൃത്തിയാക്കാൻ പുറമെനിന്ന് കൂലിപ്പണിക്കാരെ ഏർപ്പാട് ചെയ്തു. പണിക്കാർ ബക്കറ്റും കുമ്മായവുമായി എത്തി. അവർ പണിയാരംഭിച്ചപ്പോൾ ടാപ്പിൽ വെള്ളമില്ല. അതിനാൽ വീപ്പയിൽ സൂക്ഷിച്ചിരുന്ന ഘനജലമെടുത്ത് അവർ പണി നടത്തി. പണികഴിഞ്ഞ് ബ്രഷ് കഴുകാനും മുഖം കഴുകാനും അവർ അതേ വീപ്പയിലെ ഘനജലംതന്നെയാണ് ഉപയോഗിച്ചത്. ഇതിന്റെ മേൽനോട്ടത്തിനൊന്നും ഒരാൾപോലുമുണ്ടായിരുന്നില്ല. കുറച്ചു കഴിഞ്ഞപ്പോൾ അണുപ്രസരണ സൂചന നൽകുന്ന സൈറൺ മുഴങ്ങിയപ്പോഴാണ് അധികൃതർ കാര്യം അന്വേഷിച്ചത്. ലോകചരിത്രത്തിലെ ഏറ്റവും ചെലവേറിയ വെള്ളയടിക്കലാണ് തങ്ങളുടെ മുറിയിൽ നടന്നിരിക്കുന്നതെന്ന് അപ്പോഴേ അധികൃതർ മനസ്സിലാക്കിയുള്ളൂ. ഇതിന്നകം പണിക്കാർ പോയിക്കഴിഞ്ഞിരുന്നു. അണുശക്തികേന്ദ്രത്തിൽ ബഹളമായപ്പോൾ പണിക്കാർ ഒളിവിൽ പോയി.

പണിക്കാർ കൂലിപ്പണിക്കാരായതുകൊണ്ടും ഇംഗ്ലീഷ് ഭാഷാപത്രങ്ങൾ ബഹളമൊന്നും ഉണ്ടാക്കാതിരുന്നതിനാലും ഈ അപകടം പുറംലോകം അറിഞ്ഞില്ലെന്നേയുള്ളൂ.

പുതിയപുതിയ അണുശക്തി കേന്ദ്രങ്ങൾ നിർമ്മിക്കാനാണ് ഗവർമ്മേണ്ടിന്റെ പ്ലാൻ. അപ്പോൾ ഇത്തരത്തിലുള്ള അപകടങ്ങളും വർധിക്കാതിരിക്കില്ല.

(സുരേന്ദ്രഗഡേക്കർ കാൻപൂർ ഐ.ഐ.ടി.യിൽനിന്ന് ഡോക്ടറേറ്റ് നേടിയശേഷം 1979 മുതൽ 1981 വരെ അമേരിക്കയിലെ അയോവസ്റ്റേറ്റ് യൂനിവേഴ്സിറ്റിയിൽ ബിരുദാനന്തര പഠനം നടത്തി. പിന്നീടദ്ദേഹം ബാംഗളൂരിലെ ഇന്ത്യൻ ഇൻസ്റ്റിട്യൂട്ട് ഓഫ് സയൻസിൽ അധ്യാപകനായി. 1986ൽ അതു രാജിവച്ച് സൂറത്തിലെ സമ്പൂർണക്രാന്തി വിദ്യാലയം എന്ന ഗാന്ധിയൻ ഇൻസ്റ്റിട്യൂട്ടിൽ ചേർന്നു. അണുശക്തിക്കെതിരായ പ്രചാരണ പ്രസ്ഥാനങ്ങളിലാണ് അദ്ദേഹമിപ്പോൾ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്) ❑

Printed and published by : **Adv. Seby J. Pullely for Niyama Samskara Kendram, Jananeethi**, P.B. No. 8, Thottappady, Mannuthy P.O., Thrissur - 680651. Tel: 487-2373479, Fax: 487-2373281, E-mail: gpneethi@sancharnet.in / gepuli@rediffmail.com www.jananeethi.org **Printing : St.Mary's Orphanage Offset Press, Thrissur. Ph : 2425062, 2446709**

**വരിസംഖ്യ**: വാർഷികം – 50 ക., ആയുഷ്കാലം – 1000 ക.